# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in

ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ.ഡബ്യു.വൈ.ഡി/പി3/586/2021
16.08.2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 16/08/2021
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി/പി3/586/2021 തീയ്യതി: 16/08/2021
16.08.2021

## വയനാട് ജില്ലയിലെ പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഉണ്ണി.പി.കെ | ഡെപ്യൂട്ടി ഡയറക്ടർ | 14-07-2021 | 04-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-07-2021 | 04-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ ഷാജി.ഇ.കെ, ഓഡിറ്റ് ഓഫീസർ
ശ്രീ ഡേവിഡ്.കെ.വി, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി ഇന്ദു.കെ.നായർ, , ഓഡിറ്റർ
ശ്രീമതി റ്റിജി വർഗ്ഗീസ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ എം.പി , നൗഷാദ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ അനിൽ രാമ കൃഷ്ണൻ | സെക്രട്ടറി | 01-04-2019 | 14-07-2019 |
| ശ്രീമതി മിനി.കെ.എ | സെക്രട്ടറി | 15-07-2019 | 31-12-2019 |
| ശ്രീ. എൻ.എ).ജയരാജൻ | സെക്രട്ടറി | 01-01-2020 | 31-03-2020 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ബിജുലാൽ.പി.എസ് | അസി.സെക്രട്ടറി | 01-04-2019 | 28-07-2019 |
| ശ്രീമതി .എ.സി.നിർമ്മല | അസി.സെക്രട്ടറി | 29-07-2019 | 03-01-2020 |
| ഡോ.സിൻസി പവിത്രൻ | മെഡിക്കൽ ഓഫീസർ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| | (ആയുർവേദം)) | | |
| ഡോ.റസാനത്ത് | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| സരസ്വതി. എം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| സജി കുഞ്ഞിമോൻ | അസി. എഞ്ചിനീയർ | 01-04-2019 | 31-12-2019 |
| എൽ ദോസ് സൈമൺ | അസി. എഞ്ചിനീയർ | 01-01-2020 | 31-03-2020 |
| എ.എൻ പരമേശ്വരൻ | ഹെഡ് മാസ്റ്റർ | 01-04-2019 | 31-03-2020 |
| അർഷിത.പി.സി | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| സലിജ..ഇ.എൽ | വി.ഇ.ഒ | 26-12-2019 | 31-03-2020 |
| ശ്രീ പ്രശാന്ത് കുമാർ | അസി.സെക്രട്ടറി | 17-01-2020 | 31-03-2020 |
| ഡോ.ഹസീന | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 01-04-2019 | 07-07-2019 |
| ഡോ.വിജേഷ്.എം.വി | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 08-07-2019 | 31-03-2020 |
| സായൂജ്.വി | കൃഷി ഓഫീസർ | 01-04-2019 | 23-09-2019 |
| ശ്രീ, ശ്രീകാന്ത് | കൃഷി ഓഫീസർ | 24-09-2019 | 31-03-2020 |

4-1-20 മുതൽ 16-1-2020 വരെ അസി. സെക്രട്ടറി തസ്തികയിൽ ആരേയും നിയമിച്ചിട്ടില്ല. 26-12-2019 വരെ ഒരു വി.ഇ.ഒ തസ്തിക ഒഴിഞ്ഞ് കിടക്കുകയായിരുന്നു.

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: Shaji E.K (Audit Officer, On 31-07-2021)<br>Last Updated By: Unni P.K (Deputy Director, On 10-08-2021) | 1-1 |
| 2 | യാഥാർത്ഥ്യവുമായി പൊരുത്തപ്പെടാത്ത ബജറ്റ്<br>Written By: Shaji E.K (Audit Officer, On 02-08-2021)<br>Last Updated By: Unni P.K (Deputy Director, On 16-08-2021) | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക<br>Written By: Shaji E.K (Audit Officer, On 07-08-2021)<br>Last Updated By: Unni P.K (Deputy Director, On 16-08-2021) | 1-2 |
| 4 | ധനകാര്യ പത്രിക പൂർണ്ണമല്ല<br>Written By: Indu K Nair (Auditor, On 08-08-2021)<br>Last Updated By: Indu K Nair (Auditor, On 08-08-2021) | 1-2-1 |
| 5 | റീ കൺസിലിയേഷൻ നടത്തിയിട്ടില്ല<br>Written By: Indu K Nair (Auditor, On 08-08-2021)<br>Last Updated By: Indu K Nair (Auditor, On 08-08-2021) | 1-2-2 |
| 6 | മൂന്നു മാസത്തിലധികമായി എൻക്യാഷ് ചെയ്യാത്തതുമായ ചെക്കുകൾ ലയബിലിറ്റി ഓഫ് സ്റ്റേൽ ചെക്ക് എന്ന ഹെഡിലേക്ക് മാറ്റുന്നില്ല.<br>Written By: Indu K Nair (Auditor, On 08-08-2021)<br>Last Updated By: Indu K Nair (Auditor, On 08-08-2021) | 1-2-3 |
| 7 | വസ്തുനികുതി -വാർഷിക കണക്കും , ഡി.സി.ബി സ്റ്റേറ്റ്മെന്റും പൊരുത്തപ്പെടുന്നില്ല<br>Written By: Indu K Nair (Auditor, On 08-08-2021)<br>Last Updated By: Unni P.K (Deputy Director, On 10-08-2021) | 1-2-4 |
| 8 | ജീവനക്കാരുടെ തൊഴിൽ നികുതി - വാർഷിക കണക്കും, രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.<br>Written By: Indu K Nair (Auditor, On 08-08-2021)<br>Last Updated By: Indu K Nair (Auditor, On 08-08-2021) | 1-2-5 |
| 9 | ബിൽഡിംഗ് പെർമിറ്റ് - വാർഷിക കണക്കും, രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.<br>Written By: Indu K Nair (Auditor, On 08-08-2021)<br>Last Updated By: Shaji E.K (Audit Officer, On 12-08-2021) | 1-2-6 |
| 10 | ഓഡിറ്റോറിയം വാടക വരവ് - വാർഷിക കണക്കും, രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.<br>Written By: Indu K Nair (Auditor, On 08-08-2021)<br>Last Updated By: Shaji E.K (Audit Officer, On 12-08-2021) | 1-2-7 |
| 11 | തണൽ ഭവനപദ്ധതി - വായ്പ രജിസ്റ്റർ കാലികമാക്കിയിട്ടില്ല.<br>Written By: Indu K Nair (Auditor, On 08-08-2021)<br>Last Updated By: Shaji E.K (Audit Officer, On 12-08-2021) | 1-2-8 |
| 12 | ലൈഫ് ഭവന പദ്ധതി - വാർഷിക കണക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: Indu K Nair (Auditor, On 08-08-2021)<br>Last Updated By: Shaji E.K (Audit Officer, On 12-08-2021) | 1-2-9 |
| 13 | പ്രത്യേക ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കാത്ത പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ചിട്ടുള്ള ഗ്രാന്റുകൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.<br>Written By: Indu K Nair (Auditor, On 08-08-2021)<br>Last Updated By: Shaji E.K (Audit Officer, On 12-08-2021) | 1-2-10 |
| 14 | ഗുണഭോക്തൃവിഹിതം ഇനത്തിലെ നീക്കിയിരിപ്പ് - വിശദാംശങ്ങൾ ഹാജരാക്കിയില്ല.<br>Written By: Indu K Nair (Auditor, On 08-08-2021)<br>Last Updated By: Shaji E.K (Audit Officer, On 12-08-2021) | 1-2-11 |
| 15 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Indu K Nair (Auditor, On 09-08-2021)<br>Last Updated By: Shaji E.K (Audit Officer, On 12-08-2021) | 1-2-12 |
| 16 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Shaji E.K (Audit Officer, On 31-07-2021)<br>Last Updated By: Unni P.K (Deputy Director, On 10-08-2021) | 1-3 |
| 17 | ഫണ്ട് വിനിയോഗം<br>Written By: Shaji E.K (Audit Officer, On 07-08-2021) | 1-4 |

| | | |
|---|---|---|
| | Last Updated By: Shaji E.K (Audit Officer, On 12-08-2021) | |
| 18 | പദ്ധതി അവലോകനം<br>Written By: Shaji E.K (Audit Officer, On 07-08-2021)<br>Last Updated By: Shaji E.K (Audit Officer, On 12-08-2021) | 1-5 |
| 19 | തൊഴിലുറപ്പ് പദ്ധതി<br>Written By: Shaji E.K (Audit Officer, On 07-08-2021)<br>Last Updated By: Shaji E.K (Audit Officer, On 12-08-2021) | 1-6 |
| 20 | ക്ഷേമ പദ്ധതികൾ<br>Written By: Shaji E.K (Audit Officer, On 07-08-2021)<br>Last Updated By: Shaji E.K (Audit Officer, On 07-08-2021) | 1-7 |
| 21 | ആഭ്യന്തര നിയന്ത്രണം<br>Written By: Tiji Varghese (Auditor, On 07-08-2021)<br>Last Updated By: Unni P.K (Deputy Director, On 10-08-2021) | 1-8 |
| 22 | ക്യാഷ് പരിശോധന<br>Written By: Tiji Varghese (Auditor, On 07-08-2021)<br>Last Updated By: Unni P.K (Deputy Director, On 10-08-2021) | 1-9 |
| 23 | വ്യവസായ വാണിജ്യ സംരഭകത്വ സേവന ലൈസൻസ് - പൊതു അപാകതകൾ.<br>Written By: Tiji Varghese (Auditor, On 07-08-2021)<br>Last Updated By: Unni P.K (Deputy Director, On 10-08-2021) | 1-10 |
| 24 | പഞ്ചായത്തിന്റെ പൊതുമരാമത്ത് പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാരിൽ നിന്നുള്ള തൊഴിൽ നികുതി ഈടാക്കുന്നില്ല.<br>Written By: Tiji Varghese (Auditor, On 07-08-2021)<br>Last Updated By: Unni P.K (Deputy Director, On 10-08-2021) | 1-11 |
| 25 | അനധികൃത കെട്ടിടങ്ങൾക്ക് സെക്രട്ടറിയുടെ അനുമതിയില്ലാതെ നമ്പർ അനുവദിച്ചു<br>Written By: Tiji Varghese (Auditor, On 07-08-2021)<br>Last Updated By: Unni P.K (Deputy Director, On 10-08-2021) | 1-12 |
| 26 | സ്വകാര്യ വ്യവസായ വാണിജ്യ സംരംഭകർ, സ്വയം തൊഴിൽ ചെയ്യുന്നവർ എന്നിവരിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല.<br>Written By: Tiji Varghese (Auditor, On 07-08-2021)<br>Last Updated By: Unni P.K (Deputy Director, On 10-08-2021) | 1-13 |
| 27 | രസീതി ബുക്ക് ഉപയോഗിച്ച് പിരിച്ചെടുത്ത തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടില്ല.<br>Written By: Tiji Varghese (Auditor, On 09-08-2021)<br>Last Updated By: Shaji E.K (Audit Officer, On 11-08-2021) | 1-14 |
| 28 | ആയുർവ്വേദ മെഡിക്കൽ ഓഫീസർ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.<br>Written By: Tiji Varghese (Auditor, On 07-08-2021)<br>Last Updated By: Unni P.K (Deputy Director, On 10-08-2021) | 1-15 |
| 29 | പട്ടിക ജാതി വിദ്യാർഥികൾക്ക് പഠനോപകരണം നൽകൽ പദ്ധതിയിൽ വാങ്ങിയ സാധനങ്ങൾ പൂർണ്ണമായും വിതരണം നടത്തിയിട്ടില്ല.<br>Written By: Tiji Varghese (Auditor, On 07-08-2021)<br>Last Updated By: Unni P.K (Deputy Director, On 10-08-2021) | 1-16 |
| 30 | എസ് എസ് എ വിഹിതം നൽകൽ പദ്ധതി -മോണിറ്ററിംഗ് നടത്തിയിട്ടില്ല.<br>Written By: Tiji Varghese (Auditor, On 07-08-2021)<br>Last Updated By: Unni P.K (Deputy Director, On 10-08-2021) | 1-17 |
| 31 | അംഗീകാരം ലഭിച്ച പ്രോജക്ടിൽ നിന്നും വ്യതിചലനം.<br>Written By: David K.V (Asst. Audit Officer, On 06-08-2021)<br>Last Updated By: Shaji E.K (Audit Officer, On 12-08-2021) | 1-18 |
| 32 | മെമ്മോ ഓഫ് പേയ്മെന്റ് തയ്യാറാക്കിയതിലെ ന്യൂനത കരണം ആധിക തുക നൽകി.<br>Written By: David K.V (Asst. Audit Officer, On 06-08-2021)<br>Last Updated By: Unni P.K (Deputy Director, On 16-08-2021) | 1-19 |
| 33 | ടെണ്ടർ വ്യതിയാനം കുറവ് ചെയ്യാതെ പ്രവൃത്തി മൂല്യം കണക്കാക്കി.<br>Written By: David K.V (Asst. Audit Officer, On 06-08-2021)<br>Last Updated By: Unni P.K (Deputy Director, On 10-08-2021) | 1-20 |
| 34 | സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ വാഹന വാടക ഇനത്തിൽ അധികം തുക ചെലവഴിച്ചു.<br>Written By: Shaji E.K (Audit Officer, On 02-08-2021)<br>Last Updated By: Unni P.K (Deputy Director, On 10-08-2021) | 1-21 |
| 35 | | 1-22 |

| | | |
|---|---|---|
| | മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറത്തിൽ രേഖപ്പെടുത്തിയ നിരക്കുകൾ തിരുത്തിയത് അംഗീകരിക്കുന്നില്ല.<br>Written By: David K.V (Asst. Audit Officer, On 08-08-2021)<br>Last Updated By: Unni P.K (Deputy Director, On 10-08-2021) | |
| 36 | വയോജനങ്ങൾക്ക് വീൽ ചെയർ വിതരണം പദ്ധതി- സർക്കാർ മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായി നടപ്പിലാക്കി. ചെലവ് തുക 201600/- രൂപ നിരാകരിക്കുന്നു<br>Written By: Shaji E.K (Audit Officer, On 02-08-2021)<br>Last Updated By: Shaji E.K (Audit Officer, On 12-08-2021) | 1-23 |
| 37 | എസ്.സി., എസ്.ടി. വിദ്യാർത്ഥികൾക്ക് മേശയും, കസേരയും വാങ്ങൽ - സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ/സബ്സിഡി മാർഗ്ഗരേഖ മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല.<br>Written By: David K.V (Asst. Audit Officer, On 06-08-2021)<br>Last Updated By: Unni P.K (Deputy Director, On 10-08-2021) | 1-24 |
| 38 | നെൽവിത്ത് വിതരണം - ഗുണഭോക്തൃവിഹിതം നാളിതു വരെയായി തിരികെ നൽകിയിട്ടില്ല<br>Written By: Indu K Nair (Auditor, On 09-08-2021)<br>Last Updated By: Unni P.K (Deputy Director, On 10-08-2021) | 1-25 |
| 39 | എസ്.സി കുടുംബശ്രീകൾക്ക് കാട് വെട്ട യന്ത്രം നൽകൽ -പദ്ധതി ഫയൽ ഹാജരാക്കിയില്ല<br>Written By: Indu K Nair (Auditor, On 09-08-2021)<br>Last Updated By: Unni P.K (Deputy Director, On 10-08-2021) | 1-26 |
| 40 | അങ്കണവാടി പോഷകാഹാരം -ഗുണനിലവാരം ഉറപ്പു വരുത്താതെ അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്തു.<br>Written By: Shaji E.K (Audit Officer, On 02-08-2021)<br>Last Updated By: Unni P.K (Deputy Director, On 10-08-2021) | 1-27 |
| 41 | രേഖകൾ ഹാജരാക്കാത്തതിനാൽ ₹50,93,829/- ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.<br>Written By: David K.V (Asst. Audit Officer, On 11-08-2021)<br>Last Updated By: David K.V (Asst. Audit Officer, On 11-08-2021) | 1-28 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | വയോജനങ്ങൾക്ക് വീൽചെയർ വിതരണം- സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ ലംഘിച്ച് പദ്ധതി നടപ്പിലാക്കി - ചെലവ് തുക നിരാകരിക്കുന്നു.<br>Written By: Shaji E.K (Audit Officer, On 07-08-2021)<br>Last Updated By: Shaji E.K (Audit Officer, On 12-08-2021) | 3-1 |
| 2 | മെമ്മോ ഓഫ് പേയ്മെന്റ് തയ്യാറാക്കിയതിലെ ന്യൂനത കരണം ആധിക തുക നൽകി.<br>Written By: David K.V (Asst. Audit Officer, On 08-08-2021)<br>Last Updated By: Unni P.K (Deputy Director, On 16-08-2021) | 3-2 |
| 3 | ടെണ്ടർ വ്യതിയാനം കുറവ് ചെയ്യാതെ പ്രവൃത്തി മൂല്യം കണക്കാക്കി.<br>Written By: David K.V (Asst. Audit Officer, On 08-08-2021)<br>Last Updated By: Unni P.K (Deputy Director, On 10-08-2021) | 3-3 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Shaji E.K (Audit Officer, On 20-07-2021)<br>Last Updated By: Unni P.K (Deputy Director, On 10-08-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Shaji E.K (Audit Officer, On 20-07-2021)<br>Last Updated By: Shaji E.K (Audit Officer, On 07-08-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Shaji E.K (Audit Officer, On 20-07-2021)<br>Last Updated By: Unni P.K (Deputy Director, On 10-08-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Shaji E.K (Audit Officer, On 20-07-2021)<br>Last Updated By: Unni P.K (Deputy Director, On 10-08-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Shaji E.K (Audit Officer, On 20-07-2021) | 4-5 |

| | | |
|---|---|---|
| | Last Updated By: Unni P.K (Deputy Director, On 10-08-2021) | |
| 6 | സ്ഥിര നിക്ഷേപം<br>Written By: Shaji E.K (Audit Officer, On 20-07-2021)<br>Last Updated By: Unni P.K (Deputy Director, On 10-08-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Shaji E.K (Audit Officer, On 20-07-2021)<br>Last Updated By: Unni P.K (Deputy Director, On 10-08-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ<br>Written By: Shaji E.K (Audit Officer, On 20-07-2021)<br>Last Updated By: Unni P.K (Deputy Director, On 10-08-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Shaji E.K (Audit Officer, On 20-07-2021)<br>Last Updated By: Unni P.K (Deputy Director, On 10-08-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Shaji E.K (Audit Officer, On 20-07-2021)<br>Last Updated By: Shaji E.K (Audit Officer, On 15-08-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Shaji E.K (Audit Officer, On 12-08-2021)<br>Last Updated By: Shaji E.K (Audit Officer, On 12-08-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബഡ്ജറ്റ്

21/02/2021 തീയതിയിലെ 1/36/19 നമ്പർ തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചു. 23/02/2019 തീയതിയിലെ 1/37/19 നമ്പർ തീരുമാനപ്രകാരം പുതുക്കിയ ബജറ്റും അംഗീകരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട മറ്റു പരാമർശങ്ങൾ താഴെ കൊടുക്കുന്നു.

### 1-1-1 യാഥാർത്ഥ്യവുമായി പൊരുത്തപ്പെടാത്ത ബജറ്റ്

കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് 8-ാം ഉപവകുപ്പ് പ്രകാരം ബഡ്ജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ ഏതെങ്കിലും ചെലവ് ഒരു പഞ്ചായത്ത് വരുത്തിവെയ്ക്കാൻ പാടില്ലാത്തതാണ്. എന്നാൽ സ്ഥാപനത്തിന്റെ 2019-20 വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ അനിവാര്യമായ ഇനങ്ങൾക്ക് ആവശ്യമായ തുക വകയിരുത്തിയില്ല. ഇതിന് പുറമെ ചില ഇനങ്ങൾക്ക് വകയിരുത്തിയ തുക ചെലവഴിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഡീറ്റൈൽഡ് ഹെഡ് കോഡ് | ഇനവിവരം | 2019-20 വർഷത്തെ റിവൈസ്ഡ് ബഡ്ജറ്റ് പ്രകരം വകയിരുത്തൽ | 2019-20 വാർഷത്തെ വാർഷിക കണക്കുകൾ പ്രകാരം ചെലവ് |
|---|---|---|---|---|
| 2 | 2105001 | എംപ്ലോയേഴ്സ് പ്രവിഡന്റ് ഫണ്ട് കോൺട്രിബ്യൂഷൻ | 0 | 55096 |
| 3 | 2201001 | വാടക | 50,000 | 10,260 |
| 5 | 2202001 | പുസ്തകങ്ങളും ആനുകാലികങ്ങളും | 100000 | 61018 |
| 7 | 2207101 | അസാധാരണ ചെലവുകൾ | 5,50,000 | 2,47,172 |
| 8 | 2301101 | വാട്ടർ ചാർജ് | 1,40,000 | 1,11,438 |
| 9 | 2301001 | സ്ട്രീറ്റ് ലൈറ്റ് ചാർജ്ജസ് | 3,00,000 | 2,63,689 |
| 12 | 2308001 | മറ്റ് ചെലവുകൾ | 3,00,000 | 0 |
| 13 | 2408001 | ധനകാര്യ ഇടപാടുകൾക്കുള്ള മറ്റ് ചെലവുകൾ | 3,00,000 | 0 |
| 16 | 2501041 | മൃഗസംരക്ഷണം - അനുബന്ധ സൗകര്യങ്ങൾ | 495000 | 0 |
| 19 | 2511009 | വായനശാലകളും റീഡിംഗ് റൂമുകളും | 125000 | 0 |
| 20 | 2511010 | ആർട്ട്സ് & കൾച്ചർ - ജനറൽ | 90,000 | 0 |
| 21 | 2511013 | വിദ്യാഭ്യാസ അനുബന്ധ പ്രവർത്തനങ്ങൾ | 7,50,000 | 0 |
| 22 | 2512001 | ഹെൽത്ത് സെൻററുകൾ / ആശുപത്രികൾ / ഡിസ്പെൻസറികൾ | 3,50,000 | 2,25,708 |
| 23 | 2512002 | പൊതു ആരോഗ്യ പരിപാടികൾ | 3,00,000 | 0 |
| 24 | 2512003 | പ്രത്യേക ആരോഗ്യ പരിപാടികൾ | 210000 | 15,000 |
| 27 | 2514101 | അംഗൻവാടി പോഷക ആഹാര പരിപാടികൾ | 19,00,000 | 23,84,883 |

| | | | | |
|---|---|---|---|---|
| 29 | 2531001 | കുടിവെള്ളം അനുബന്ധ പ്രോജക്റ്റുകൾ | 0 | 1,821,92 |
| 31 | 2531006 | ആശ്രയ പദ്ധതി | 4197000 | 150000 |
| 32 | 2531014 | കുടിവെള്ളത്തിനുള്ള പണം നൽകൽ | 0 | 1273569 |
| 34 | 2552007 | റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്റ്റുകൾ - ആയുർവേദം | 0 | 700000 |
| 35 | 2552008 | റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്റ്റുകൾ - ഹോമിയോപ്പതി | 0 | 250000 |
| 36 | 2561001 | മറ്റ് റവന്യൂ ഗ്രാന്റുകളും ഫണ്ടുകളും - റവന്യൂ ചെലവുകൾ | 200000 | 0 |
| 37 | 4103003 | കലുങ്കുകളും പാലങ്ങളും അനുബന്ധ നിർമിതികളും | 41,18,000 | 7,35,844 |
| 38 | 4104001 | കുടിവെള്ള സ്രോതസുകളും അനുബന്ധ നിർമിതികളും | 0 | 384070 |

യാഥാർത്ഥ്യ ബോധ്യത്തോടെ ബഡ്ജറ്റ് തയ്യാറാക്കാത്തതാണ് മേൽ വീഴ്ചയ്ക്ക് കാരണമായത്. ബജറ്റിൽ അനിവാര്യമായ ഇനങ്ങൾക്ക് ആവശ്യമായ തുക വകയിരുത്തിയിട്ടില്ല. ഇതിനു പുറമെ ചിലയിനങ്ങൾക്ക് വകയിരുത്തിയ തുക ചിലവഴിച്ചിട്ടില്ല. അത്യാവശ്യമായ ചിലയിനങ്ങൾക്ക് ബജറ്റ് തുക വകയിരുത്തിയിട്ടില്ല. യാഥാർത്ഥ്യവുമായി ബന്ധമില്ലാത്ത ഒരു ബഡ്ജറ്റ് ഉണ്ടാക്കുക വഴി നിയമപരമായ ഒരു കടമ നിർവ്വഹിക്കുക മാത്രമാണ് ഗ്രാമപഞ്ചായത്ത് ചെയ്തിട്ടുള്ളത്. ഇപ്രകാരമുള്ള ഒരു ബഡ്ജറ്റ് സാമ്പത്തിക നിയന്ത്രണം സാധ്യമാക്കാനോ സ്ഥാപനത്തിന്റെ പ്രകടനം മെച്ചപ്പെടുത്താനോ ഉതകുന്നതല്ല. മെച്ചപ്പെട്ട സാമ്പത്തിക ആസൂത്രണം ബഡ്ജറ്റ് വഴി സാധ്യമാകണം. ആയതിനാൽ കടമ നിർവ്വഹിക്കുക എന്നതിലുപരി സ്ഥാപനത്തിന്റെ ഉയർച്ച ലക്ഷ്യം വെച്ചുകൊണ്ടുള്ള ക്രിയാത്മകമായ ബഡ്ജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| Fillലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 11.06.2020 | --- | --- |

## 1-2-1 ധനകാര്യ പത്രിക പൂർണ്ണമല്ല

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62 പ്രകാരം വാർഷിക ധനകാര്യ പത്രകയിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടുകളിൻ മേലുള്ള കുറിപ്പുകൾ എന്നിവ ഉണ്ടായിരിക്കേണ്ടതും സാമ്പത്തിക പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപെടുത്തേണ്ടതുമാണ്. എന്നാൽ 15.06.2020 ന് അക്കൗണ്ടന്റ്/1/2020 നം. പ്രകാരം ഗ്രാമ പഞ്ചായത്ത് ഓഡിറ്റിന് സമർപ്പിച്ച 2019-20 വർഷത്തെ വാർഷിക കണക്കുകളോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഇല്ല. സാമ്പത്തിക പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടുമില്ല.

## 1-2-2 റീ കൺസിലിയേഷൻ നടത്തിയിട്ടില്ല

മെമ്പർ സെക്രട്ടറി (CDS ) - യുടെ ജില്ലാ സഹകരണ ബാങ്ക് അക്കൗണ്ടിൽ വാർഷിക കണക്ക് പ്രകാരം 5,00,000/- രൂപ നീക്കിയിരിപ്പുണ്ട്. റീകൺസിലിയേഷൻ നടത്തിയിട്ടില്ല.

**1-2-3 മൂന്ന മാസത്തിലധികമായി എൻക്യാഷ് ചെയ്യാത്തതുമായ ചെക്കുകൾ ലയബിലിറ്റി ഓഫ് സ്റ്റേൽ ചെക്ക് എന്ന ഹെഡിലേക്ക് മാറ്റുന്നില്ല.**

പഞ്ചായത്ത് നൽകിയതും മൂന്ന മാസത്തിലധികമായി എൻക്യാഷ് ചെയ്യാത്തതുമായ ചെക്കുകളുടെ തുകകൾ Liability In Respect Of Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

ചെക്ക് നമ്പർ - 128547/04.04.2019 -20,300/- ( അക്കൗണ്ട് നമ്പർ - 412 , പടിഞ്ഞാറത്തറ സർവീസ് സഹകരണ ബാങ്ക് )

ചെക്ക് നമ്പർ - 128567/05.04.2019 – 3570/- ( " " )

ചെക്ക് നമ്പർ - 128990/20.05.2019 – 8210/- ( " " )

ചെക്ക് നമ്പർ - 129269/11.06.2019 – 11340/- ( " " )

**1-2-4 വസ്തുനികുതി -വാർഷിക കണക്കും , ഡി.സി.ബി സ്റ്റേറ്റ്മെന്റും പൊരുത്തപ്പെടുന്നില്ല**

സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമാകുന്ന ഡി.സി.ബി രജിസ്റ്റർ പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഈയിനത്തിൽ വാർഷിക കണക്കും ഡി.സി.ബി സ്റ്റേറ്റ്മെന്റും പൊരുത്തപ്പെടുന്നില്ല

**1-2-5 ജീവനക്കാരുടെ തൊഴിൽ നികുതി - വാർഷിക കണക്കും, രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.**

വാർഷിക കണക്കും, രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| തൊഴിൽ നികുതി | രജിസ്റ്റർ | വാർഷിക കണക്ക് |
|---|---|---|
| ജീവനക്കാർ | | |
| ഡിമാന്റ് | 1038020 | 1014060 |
| കളക്ഷൻ | 1014060 | 978810 |
| ബാലൻസ് | 23960 | Nil |

തൊഴിൽനികുതി രജിസ്റ്റർ സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

**1-2-6 ബിൽഡിംഗ് പെർമിറ്റ് - വാർഷിക കണക്കും, രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.**

കെട്ടിട നിർമ്മാണ അനുമതി ഫീസിനത്തിൽ വാർഷിക കണക്കും, രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.

| ബിൽഡിംഗ് പെർമിറ്റ് | രജിസ്റ്റർ | വാർഷിക കണക്ക് |
|---|---|---|
| ഡിമാന്റ് | 101302 | 131829 |
| കളക്ഷൻ | 101302 | 131829 |
| ബാലൻസ് | 0 | 0 |

**1-2-7 ഓഡിറ്റോറിയം വാടക വരവ് - വാർഷിക കണക്കും, രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.**

ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പ്രകാരം പഞ്ചായത്തിന് കമ്മ്യൂണിറ്റി ഹാൾ, ഗ്രൗണ്ട്,സാംസ്കാരിക നിലയം എന്നിവടങ്ങളിൽ നിന്നും ദിവസവാടകയടിസ്ഥാനത്തിൽ വരവുണ്ട്. എന്നാൽ ഈയിനങ്ങളിൽ താഴെ ന്യൂനതകൾ ശ്രദ്ധയിൽപെട്ടു.പറയുന്ന ഓഡിറ്റോറിയം വാടക വരവ്

(എ) കമ്മ്യൂണിറ്റി ഹാൾ, ഗ്രൗണ്ട് -വാർഷിക കണക്കും, രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.

| ഓഡിറ്റോറിയം വാടക | രജിസ്റ്റർ | വാർഷിക കണക്ക് |
|---|---|---|
| ഡിമാന്റ് | 32000 | 36000 |
| കളക്ഷൻ | 32000 | 36000 |
| ബാലൻസ് | 0 | 0 |

( ബി) ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പ്രകാരം സാംസ്കാരിക നിലയം വാടകയിനത്തിൽ 8000/- രൂപ വരവുണ്ട് . ആയത് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-2-8 തണൽ ഭവനപദ്ധതി - വായ്പ രജിസ്റ്റർ കാലികമാക്കിയിട്ടില്ല.**

തണൽ ഭവന പദ്ധതിക്കായി വയനാട് ജില്ലാ സഹകരണ ബാങ്കിൽ നിന്നും വായ്പയെടുത്തിട്ടുണ്ട്. പ്രസ്തുത വായ്പയുടെ രജിസ്റ്റർ സൂക്ഷിപ്പ് തൃപ്തികരമല്ല. രജിസ്റ്റർ പൂർത്തീകരിച്ചിട്ടില്ല.ആയതിനാൽ തൻ വർഷ വരവ് , ചെലവ് , നീക്കിബാക്കി എന്നിവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

**1-2-9 ലൈഫ് ഭവന പദ്ധതി - വാർഷിക കണക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.**

ലൈഫ് ഭവന പദ്ധതി രണ്ടാം ഘട്ടത്തിന് ഹഡ്കോയിൽ നിന്നും വായ്പ ലഭിക്കുന്നുണ്ട്. ഈയിനത്തിൽ വാർഷിക കണക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.വാർഷിക കണക്ക് B5 ഷെഡ്യൂൾ പ്രകാരം തൻവർഷ നീക്കിബാക്കി 4,96,92,777/- രൂപയാണ്. രജിസ്റ്ററിൽ 178973/-രൂപയാണ് നീക്കിബാക്കിയായി കാണിച്ചിരിക്കുന്നത്.

## 1-2-10 പ്രത്യേക ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കാത്ത പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ചിട്ടുള്ള ഗ്രാന്റുകൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ചിട്ടുള്ള ബി-4 ഷെഡ്യൂളിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടുള്ള NREGA, BRGF,JOINT VENTURE PROJECTS എന്നിവ ഒഴികെയുള്ള ഗ്രാന്റുകൾക്ക് പ്രത്യേക ബാങ്ക് അക്കൗണ്ട് സൂക്ഷിച്ചിട്ടില്ല. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ മറ്റ് ഫണ്ടുകളോടൊപ്പം ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ചിട്ടുള്ള പ്രസ്തുത ബാധ്യതകൾക്ക് തുല്യമായ തുക ബാങ്ക്/ട്രഷറി അക്കൗണ്ടുകളിൽ ഉണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-2-11 ഗുണഭോക്തൃവിഹിതം ഇനത്തിലെ നീക്കിയിരിപ്പ് - വിശദാംശങ്ങൾ ഹാജരാക്കിയില്ല.

വാർഷിക കണക്ക് B4 ഷെഡ്യൂളിൽ ഗുണഭോക്തൃവിഹിതമായി 7,95,420/- രൂപ നീക്കിയിരിപ്പുണ്ട്. ഇതിൽ തൻവർഷം കൃഷിഓഫീസർ നെൽവിത്ത് വിതരണം പദ്ധതിക്കായി പിരിച്ച 68320/- രൂപയും ഉൾപ്പെടുന്നു. ഈ തുക നാളിതുവരെയായിട്ടും തിരികെ നൽകിയിട്ടില്ല. നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല.

## 1-2-12 വാർഷിക കണക്കിലെ അപാകതകൾ

1.Capital Work In Progress (Schedule യിൽ RP- 40) യിൽ 26,47,568/- രൂപയുണ്ട്. എന്നാൽ പാർട്ട് ബില്ലിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

3.ടെണ്ടർ ഫോറം ഇഷ്യൂ രജിസ്റ്റർ പൂർത്തീകരിച്ചിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 34618532.50 |
| വരവ് | 104345266 |
| ആകെ | 138963798 |
| ചെലവ് | 104966595 |
| നീക്കിയിരിപ്പ് | 33997203.50 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ (ACR പ്രകാരം) | | 14075621 | 14075621 | 12408145 | 1667476 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | | 5083190 | 5083190 | 3149369 | 1933821 |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | | 7436662 | 7436662 | 3058039 | 4378623 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 20869000 | 20869000 | 6931757 | 13937243 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 4551000 | 4551000 | 3059918 | 1491082 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 12088980 | 12088980 | 2347310 | 9741670 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | | | | |
| ബി ഫണ്ട് | 3600000 | 300000 | 3900000 | 2912301 | 987699 |

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 338 | 160295924 | 144 | 58552872 | 6 | 188 | 42.60 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 4 | 5790408 | 961880 | 16.61 |
| വെറ്ററിനറി സർജ്ജൻ | 14 | 9 | 11572460 | 3048846 | 26.34 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 15 | 13 | 2347265 | 1530285 | 65.19 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 2 | 2 | 700000 | 700000 | 100 |
| വി.ഇ.ഒ | 9 | 8 | 58099768 | 21137100 | 36.38 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 5 | 6049900 | 4704570 | 77.76 |
| സെക്രട്ടറി | 43 | 33 | 16917378 | 12175150 | 71.96 |
| ഹെഡ് മാസ്റ്റർ | 9 | 9 | 3420596 | 2594109 | 75.83 |
| അസി. എഞ്ചിനീയർ | 229 | 63 | 54199639 | 10783542 | 10.89 |
| അസി. സെക്രട്ടറി | 5 | 4 | 1198510 | 917390 | 76.54 |

1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 5559 | 3567229 | 3572788 | 3551261 | 21527 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 38452295 | 38452295 | 38452295 | 0 |
| മെറ്റീരിയൽസ് | 0 | 5764052 | 5764052 | 5764052 | 0 |

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 30480 | 18 |
| കർഷകതൊഴിലാളി പെൻഷൻ | 4525800 | 1684 |
| വിധവാപെൻഷൻ | 7626000 | 2737 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 10632300 | 3824 |
| വികലാംഗപെൻഷൻ | 2517800 | 899 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 180000 | 6 |

## 1-8 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനും, പൊതുജനങ്ങൾക്ക് കാലതാമസമില്ലാതെ സേവനം ലഭ്യമാക്കുന്നതിനും സഹായകമായ വിധത്തിൽ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ കാര്യക്ഷമമായി നടപ്പാക്കേണ്ടതുണ്ട്. 1994ലെ കേരളാ പഞ്ചയത്ത് രാജ് നിയമത്തിലെ 180 വകുപ്പ് അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നതോടൊപ്പം തന്നെ പ്രാദേശിക സർക്കാരിന്റെ ഭാഗമായ ജീവനക്കാർ എന്ന നിലയിലുള്ള ഔദ്യോഗിക ചുമതലകളുടെ നിർവ്വഹണവും ജീവനക്കാരുടെ ചുമതലയാണ്. ഗ്രാമ പഞ്ചായത്തിൽ ഓഫീസ് ഓർഡർ പ്രകാരം കൃത്യമായ ജോലിവിഭജനം നടത്തിയിട്ടുണ്ട്. ഓഫീസ് പ്രവർത്തനം വിലയിരുത്തുന്നതിനായി ജീവനക്കാരുടെ പ്രതിമാസ യോഗങ്ങൾ കൃത്യമായ ചേരുന്നുണ്ട്. രേഖകളുടെയും രജിസ്റ്ററുകളുടെയും തയ്യാറാക്കലും സൂക്ഷിപ്പും കൂടുതൽ കാര്യക്ഷമമാവേണ്ടതുണ്ട്. വേക്കൻസി റെമിഷൻ രജിസ്റ്റർ, വിമുക്ത ഭടന്മാരുടെ നികുതിയിളവ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല. സെക്രട്ടറി,അസി സെക്രട്ടറി എന്നിവർ ക്യാഷ് എഴുതി ബുക്ക് സൂക്ഷിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ മുഴുവൻ ആസ്തികളും രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥന്മാർ മുഖേനയുള്ള പദ്ധതിനടത്തിപ്പിൽ ആവശ്യമായ ഏകോപനത്തിന്റെ അഭാവവും പദ്ധതി നടത്തിപ്പിൽ ഭരണസമിതിയിലെ ചില മെമ്പർമാരുടെ ഇടപെടലും ഓഡിറ്റിൽ ശ്രദ്ധയിൽപെടുകയുണ്ടായി. ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-12,1-14 എന്നിവയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിന്റെ ദൈനംദിനപ്രവർത്തനത്തിൽ നിരവധി സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കുന്നുണ്ട്. എന്നാൽ പുതിയ ഓഫീസ് ഉത്തരവിൽ ഓരോ ജീവനക്കാർക്കും ചുമതലകൾ വിഭജിച്ച നൽകുമ്പോൾ സോഫ്റ്റ്‌വെയറുകളുടെ ഉപയോഗം അവയുടെ ബാക്ക്അപ്പ് എടുത്ത് സൂക്ഷിക്കൽ എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും നൽകുന്നില്ല. ഈ അപാകതകൾ പരിഹരിക്കേണ്ടതാണ്.

ഓഡിറ്റ് വർഷം പഞ്ചായത്ത് ഭരണസമിതി 34 തവണ യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 22 തവണയും വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി 24 തവണയും ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 23 തവണയും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി 20 തവണയും യോഗം ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10 ാം തിയ്യതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണം എന്ന വ്യവസ്ഥ കൃത്യമായി പാലിച്ചിട്ടുണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ നിർവ്വഹണോദ്യോഗസ്ഥൻമാർ പങ്കെടുക്കുന്നുണ്ട്.

ഗ്രാമപഞ്ചായത്തിൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട പ്രധാന രജിസ്റ്ററുകളായ അക്വിറ്റൻസ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ജീവനക്കാരുടെ റിക്കവറി സംബന്ധമായ രജിസ്റ്റർ, തുടങ്ങിയവ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്.

ക്ലറിക്കൽ തസ്തികയിൽ ജോലിചെയ്യുന്ന ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ എഴുതുന്നില്ല. സൂചിക സോഫ്റ്റ് വെയറിലെ വിവരങ്ങൾ അടങ്ങിയ പ്രിന്റ് ഫയലിൽ സൂക്ഷിക്കുന്നില്ലാത്തതിനാൽ ഫയലുകളുടെ മേൽ പരിശോധനാ വിവരം മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. ഓഫീസിൽ ലഭിക്കുന്ന മുഴുവൻ തപാലുകളും സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നുണ്ട് എന്നുറപ്പുവരുത്തുന്നതിന് എല്ലാ സെക്ഷനുകളും പേഴ്സണൽ രജിസ്റ്റർ എഴുതേണ്ടതും ആയത് സൂപ്പർവൈസറി തസ്തികയിലുള്ള ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ടതുമാണ്. ഓഡിറ്റിന് ആവശ്യപ്പെട്ട ഫയലുകളിൽ മിക്കവയും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

അക്കൌണ്ടിങ്ങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. നവീകരിച്ച അക്കൌണ്ടിങ്ങ് മാന്വൽ പ്രകാരമുള്ള മാറ്റങ്ങൾ സ്ഥാപനം ഉൾക്കൊള്ളുകയും ആയത് അനുസരിച്ചുള്ള കാലികമായ മാറ്റങ്ങൾ സ്ഥാപനത്തിൽ നടപ്പിൽവരുത്തുകയും ചെയ്തുവരുന്നുണ്ട്.സാംഖ്യ രസീതികൾക്കും റസീറ്റ് ബുക്കുകൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. അവയുടെ സ്റ്റോക്ക് കൃത്യമാണ്.

സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ കൃത്യമായി അക്കൌണ്ട് ചെയ്യപ്പെടുന്നുണ്ട്. ക്യാഷും അക്കൌണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. മാസാന്ത്യ/വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നുണ്ട്. ക്യാഷ് ബുക്ക് പ്രതിദിന ക്ലോസിംഗ് നടത്തുന്നുണ്ട്. അക്കൌണ്ടിന്റെ ബാക്ക്അപ്പ് കൃത്യമായി എടുത്ത് സൂക്ഷിക്കുന്നുണ്ട്. സ്ഥാപനത്തിലെ എല്ലാ ബാങ്ക് / ട്രഷറി ഇടപാടുകളും വാർഷിക ധനകാര്യ പത്രികയിലുൾപ്പെട്ടിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി ആരംഭിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്.

വിവിധ വരവുകൾ യഥാസമയം തന്നെ ബാങ്കുകളിൽ വരവു വെക്കുന്നുണ്ട്. പഞ്ചായത്തിൽ ലഭിക്കുന്ന ചെക്കുകളും ഡി.ഡികളും ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുകയും കാലതാമസം കൂടാതെ ബാങ്കുകളിൽ നിക്ഷേപിക്കുകയും ചെയ്യുന്നുണ്ട്. സുരക്ഷിതമായ തരത്തിൽ ഫ്രണ്ട്ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായത്തിൽ പണം സ്വീകരിച്ച വരുന്നത്. ക്ലാർക്കുമാർ സ്വീകരിക്കുന്ന പിരിവു തുക അതാതു ദിവസമോ അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസമോ പഞ്ചാത്ത് ഫണ്ടിൽ അടവാക്കി വരുന്നുണ്ട്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥർ പിരിച്ചെടുക്കുന്ന ഗുണഭോക്തൃ വിഹിതം കൃത്യമായി അകൗണ്ടിൽ വരവ് വെക്കുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുന്ന രസീതി ബുക്കുകൾ തിരികെ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല.

വരവിനങ്ങളെല്ലാം കൃത്യമായി ഡിമാന്റ് ചെയ്യുന്നില്ല. ഓരോ വരവിനത്തിലുമുള്ള ഡിമാൻറുകൾ കൃത്യമായി ഡി.സി.ബി.രജിസ്റ്ററുകളിൽ രേഖപ്പെടുത്തുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് വാർഷിക ആവശ്യങ്ങളെ തിട്ടപ്പെടുത്തിയിട്ടുള്ള പ്രൊക്വയർമെന്റ് പ്ലാനും ബഡ്ജറ്റും തയ്യാറാക്കാതെ ഓരോ നിർവ്വഹണ ഉദ്യോഗസ്ഥനെയും വാങ്ങലിന് ചുമതലപ്പെടുത്തുന്ന രീതിയാണ് പഞ്ചായത്ത് സ്വീകരിച്ചിരുന്നത്. പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിറ്റ്സ് പരിശോധിച്ചതിൽ നിന്ന് പ്രത്യേക താൽപ്പര്യ സംരക്ഷണത്തിനായി ടെൻഡറുകൾ അംഗീകരിക്കുന്നതായാണ് ബോധ്യപ്പെട്ടത്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ കൃത്യമായ ഇടപെടലുകൾ ആവശ്യമാണ്.

ഗ്രാമപഞ്ചായത്തിലെ വിവിധ പദ്ധതികൾ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ വിവിധ ഏജൻസികളിൽ നിക്ഷേപ പ്രവർത്തികൾക്കായി അടക്കുന്ന തുകകളുടെ വിനിയോഗ വിവരങ്ങൾ നിരീക്ഷിക്കപ്പെടുന്നില്ല.

പഞ്ചായത്തിൽ പദ്ധതിരൂപീകരണ നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചാണ് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടുള്ളത്.പതിമൂന്നാം പഞ്ചവൽസരപദ്ധതിയിലെ ഗ്രാമ,ബ്ലോക്ക്,ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് ഗ്രാമ,ബ്ലോക്ക്,ജില്ലാ പഞ്ചായത്തുകൾ പാലിക്കേണ്ട നടപടിക്രമങ്ങളും ചുമതലകളും സംബന്ധിച്ച് 29.01.2018 ലെ ജി.ഒ.(എം.എസ്) 11/2018.ത.സ്വ.ഭ.വ പ്രകാരം നൻകിയ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിൽ 13 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ തൻവർഷം നടപ്പാക്കിയ പ്രോജക്ടുകളെല്ലാം വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ ചർച്ച ചെയ്തവയല്ല. കൃഷി സംബന്ധമായ വർക്കിംഗ് ഗ്രൂപ്പ് ഒഴികെ ബാക്കി വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലൊന്നും കൺവീനർ ഒപ്പിട്ടിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സു ബുക്കുകൾ സൂക്ഷിച്ചിട്ടുണ്ടെങ്കിലും മിനിറ്റ്സ് ബുക്കിൽ യോഗ തീരുമാനങ്ങൾ എഴുതി ചേർത്തിട്ടില്ല. മിനിറ്റ്സ് ബുക്കിന്റെ പേജുകൾ ഒഴിച്ചിട്ട നിലയിലാണ്. നടപ്പുപദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച വിലയിരുത്തൽ ചർച്ചകൾ നടത്തിയിട്ടില്ല. മുൻവർഷ പദ്ധതികൾ അവലോകനം നടത്തിയിട്ടില്ല.വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സിൽ കൺവീനർ ഒപ്പുവെക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന15/07/2021 തീയതിയിൽ ഉച്ചയ്ക്കുശേഷം 2.41 ന്സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6142/-(ആറായിരത്തി ഒരുനൂറ്റി നാൽപ്പത്തി രണ്ട് മാത്രം.)രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 വ്യവസായ വാണിജ്യ സംരഭകത്വ സേവന ലൈസൻസ് - പൊതു അപാകതകൾ.

2019-20വാർഷിക ഓഡിറ്റിന്റെ ഭാഗമായി എഫ് ടി ഇ & ഒ എ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1.വ്യാപാരികളിൽ നിന്ന് മൂലധന നിക്ഷേപക്കണക്ക് ലഭ്യമാക്കാതെയാണ് ലൈസൻസ് ഫീസ് കണക്കാക്കിയത്:-

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതി വരുത്തിക്കൊണ്ട് 31.10.2017 ലെ ജി.ഒ.(പി) 80/2017 ത സ്വ ഭ വ എസ് ആർ ഒ നം.674/17പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം സ്ഥാപനങ്ങളെ അവയുടെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ,മിനി,സ്മോൾ,മീഡിയം,ലാർജ്ജ് എന്റർപ്രൈസസുകളായി തരം തിരിച്ച് ഓരോന്നിനും ബാധകമായ ലൈസൻസ് ഫീസാണ് ഈടാക്കേണ്ടത്.എന്നാൽ ലൈസൻസിനുള്ള അപേക്ഷകളിലൊന്നിലും മൂലധന നിക്ഷേപത്തിന്റെ വിവരങ്ങൾ ചേർത്തിട്ടില്ല. വ്യാപാരികളുടെ മൂലധന നിക്ഷേപത്തിന്റെ വിവരങ്ങളില്ലാതെ ലൈസൻസ് ഫീസ് കണക്കാക്കിയതെങ്ങനെയെന്ന് വിശദീകരിക്കേണ്ടതാണ്.

2.മേൽ ചട്ടം 12((2) പ്രകാരം അപേക്ഷയിൽ ഫാക്ടറിയിലോ വർക്ക് ഷോപ്പിലോ ജോലി സ്ഥലത്തോ ഭൂമിയിലോ നിയോഗിക്കുന്ന ജോലിക്കാരുടെ എണ്ണവും അതോടൊപ്പം ജോലിസ്ഥലത്തിന്റെയോ ഭൂമിയുടെയോ പ്ലാൻ, യന്ത്ര സാമഗ്രി, അതിന്റെ ശക്തി എന്നിവ സംബന്ധിച്ച വിവരങ്ങളും ഉണ്ടായിരിക്കണം.ഭൂരിഭാഗം അപേക്ഷകളും അപൂർണ്ണമാണ്. അപേക്ഷകർ അപേക്ഷാ ഫോറത്തിൽ ആവശ്യപ്പെട്ട എല്ലാ വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല. അപൂർണ്ണമായ അപേക്ഷാ ഫോറങ്ങൾ സ്വീകരിക്കുന്നതിന് വിശദീകരണം നൽകേണ്ടതാണ്.

3.പകുതിയിലധികം അപേക്ഷകൾക്കും വ്യവസായ വാണിജ്യ സംരഭകത്വ സേവന ലൈസൻസിനുള്ള അപേക്ഷാ ഫോം ഉപയോഗിക്കുന്നില്ല.

4. ഇഷ്യൂ ചെയ്ത ലൈസൻസുകളിൽ ലൈസൻസ് നമ്പർ രേഖപ്പെടുത്തുന്നില്ല.ഉദാ-

രണ്ടാം വാർഡിൽ ഹാരിസ് ടി എന്നയാൾക്ക് സ്വർണ്ണക്കട നടത്തുന്നതിനായി 23/05/2019 തിയ്യതിയിൽ ലൈസൻസ് അനുവദിച്ചിട്ടുണ്ട് എന്നാൽ ലൈസൻസിൽ നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

5.ഫയൽ പരിശോധിച്ചതിൽ ലൈസൻസിനുള്ള അപേക്ഷയോടൊപ്പം അപേക്ഷയിൽ ലൈസൻസിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുകയോ അപേക്ഷ നിരസിച്ചതോ സ്വീകരിച്ചതോ ആയ വിവരങ്ങൾ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഉദാ-

11-ാം വാർഡിൽ യൂളോജീയ അക്കാദമി തുടങ്ങാൻ(Building No.11/237B) ശ്രീ.ജോൺസൺ ഒ ജെ സമർപ്പിച്ച അപേക്ഷ.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്ന് കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13/2019-20,20-21/ 02.08.2021)മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-11 പഞ്ചായത്തിന്റെ പൊതുമരാമത്ത് പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാരിൽ നിന്നുള്ള തൊഴിൽ നികുതി ഈടാക്കുന്നില്ല.

പഞ്ചായത്തിന്റെ പൊതുമരാമത്ത് പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുകയോ ഡിമാന്റ് നോട്ടീസ് അയക്കുകയോ ചെയ്തിട്ടില്ല.1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾ, ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരർദ്ധവർഷം തൊഴിൽ നികുതി കൊടുക്കുന്നതിന് ബന്ധ്യസ്ഥനോ, ബാധ്യസ്ഥരോ ആണെന്ന് സെക്രട്ടറിക്ക് അഭിപ്രായമുള്ള പക്ഷം അങ്ങനെയുള്ള കമ്പനിയോട്/ആളോട് തുടർന്നുള്ള അർദ്ധവർഷത്തിൽ ഫോറം VI ലുള്ള നോട്ടീസ് പ്രകാരം 15

ദിവസത്തിനുള്ളിൽ റിട്ടേൺ സമർപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകേണ്ടതായിരുന്നു. അതുപോലെത്തന്നെ മേൽ ചട്ടങ്ങളിൽ ചട്ടം 14 പ്രകാരം നോട്ടീസ് മൂലം സെക്രട്ടറിയ്ക്ക് തൊഴിലുടമയോട് സ്ഥാപനത്തിൽ ജോലിചെയ്യുന്ന എല്ലാവരുടേയും പേര് അടങ്ങിയ ലിഖിതമായ ഒരു ലിസ്റ്റ്, വരുമാനത്തെ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സഹിതം നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതാണ്.

LSGD എൻജിനീയറിംഗ് വിഭാഗത്തിൽ നിന്നും ലഭ്യമാക്കിയ രേഖകൾ ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തുന്ന 28 അംഗീകൃത കരാറുകാർ ഉണ്ട്. മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശം ഉണ്ടായിട്ടും നാളിതുവരെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/2019-20,20-21/ 28.07.2021) മറുപടി ലഭ്യമാക്കിയിട്ടില്ല.കരാറുകാരിൽ നിന്നുമുള്ള തൊഴിൽ നികുതി കുടിശ്ശിക സഹീതം ഈടാക്കി അറിയിക്കേണ്ടതാണ്.

പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങളിലൊന്നായ തൊഴിൽനികുതി പൂർണ്ണമായും ഈടാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-12 അനധികൃത കെട്ടിടങ്ങൾക്ക് സെക്രട്ടറിയുടെ അനുമതിയില്ലാതെ നമ്പർ അനുവദിച്ചു

പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിൽ 11-ാം വാർഡിൽ ശ്രീ.പോൾസൺ കുവയ്ക്കൽ എന്നവരുടെ ഉടമസ്ഥതയിലുള്ള പിപി 11/50G, 50H കെട്ടിടങ്ങൾക്കും പ്രസിഡന്റ് ഇസ്ലാമിക് ചാരിറ്റബിൾ സൊസൈറ്റി പടിഞ്ഞാറത്തറ എന്നവരുടെ ഉടമസ്ഥതയിലുള്ള പിപി11/393F,393G എന്നീ കെട്ടിടങ്ങൾക്കും സെക്രട്ടറിയുടെ അനുമതിയില്ലാതെ 23/12/2019 തിയ്യതിയിൽ 51092051 നമ്പർ ലോഗിനിലൂടെ സഞ്ചയ സോഫ്റ്റ്‌വെയറിൽ കയറി നിയമ വിരുദ്ധമായി നമ്പർ നൽകിയതായി പെർഫോമൻസ് ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. ഇങ്ങനെ നിയമ വിരുദ്ധമായി നമ്പർ നൽകിയ കെട്ടിടങ്ങൾക്ക് അനുവദിച്ച നമ്പർ ക്യാൻസൽ ചെയ്യുകയോ അനധികൃത കെട്ടിടം ക്രമവൽക്കരിച്ചിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ ഈ കെട്ടിടം പൊളിച്ചുകളയാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നും അന്വേഷിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 19/2019-20/ 02.08.2021) മറുപടി ലഭ്യമാക്കിയിട്ടില്ല.തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

## 1-13 സ്വകാര്യ വ്യവസായ വാണിജ്യ സംരംഭകർ, സ്വയം തൊഴിൽ ചെയ്യുന്നവർ എന്നിവരിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല.

കേരളാ പഞ്ചായത്ത് രാജ് നിയമം 204(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളും കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടം 3, ഉപചട്ടം (1),(2) എന്നിവ പ്രകാരമുള്ള നിരക്കിനു വിധേയമായി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥനാണ്. എന്നാൽ ഇതിനു വിപരീതമായി താഴെ പറയുന്നവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

വ്യവസായ വാണിജ്യ സംരംഭകത്വ സേവന ലൈസൻസിനുള്ള അപേക്ഷകൾ പരിശോധിച്ചതിൽ സ്ഥാപനത്തിൽ ആവശ്യമായ ജീവനക്കാരുടെ എണ്ണം എന്ന കോളത്തിൽ ഒന്നിൽ കൂടുതൽ ജീവനക്കാരുടെ എണ്ണം ചേർത്തിട്ടുണ്ട്. എന്നാൽ മേൽ ജീവനക്കാരുടെ തൊഴിൽ നികുതി/ വിവരങ്ങൾ മേൽ തൊഴിലുടമ ലഭ്യമാക്കിയിട്ടില്ല. പല ഡി.& ഒ ലൈസൻസിനുള്ള അപേക്ഷകളിലും കൂടുതൽ ജീവനക്കാർ സ്ഥാപനത്തിൽ ജോലി ചെയ്യുന്നതായി കാണാം . ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്ര.നം | സ്ഥാപനത്തിന്റെ വിവരം | ജീവനക്കാർ |
|---|---|---|
| 1 | ഡിസൈൻ കൺസ്ട്രക്ഷൻസ് പടിഞ്ഞാറത്തറ(വാർഡ്-11 ലൈസൻസ് നം.262-19/20) | 2 |
| 2 | ദി സെറിനിറ്റി റിസോർട്ട്(വാർഡ്-15, ലൈസൻസ് നം.16-19/20) | 13 |
| 3 | സുജേഷ്, ബാണാസുര എക്സിബിഷൻ ഹാൾ(വാർഡ്-15,ലൈസൻസ് നം.59-19/20) | 5 |
| 4 | ഡോക്ടർ ക്ലിനിക്ക് & കൺസൾട്ടന്റ് (വാർഡ്-11,ലൈസൻസ് നം.77-19/20) | 2 |
| 5 | മിസ്റ്റി ഡാം റിസോർട്ട് & റസ്റ്റോറന്റ് | 3 |
| 6 | കോണ്ടൂർ ഐലന്റ് റിസോർട്ട്(വാർഡ്-15, ലൈസൻസ് നം.54-19/20) | 10 |
| 7 | ഹോട്ടൽ ബാണാസുര റസിഡൻസി(ലൈസൻസ് നം.303-19/20) | 5 |
| 8 | ഡിസൈൻ ലാന്റ് ബിൽഡിംഗ് & ഡവലപ്പേഴ്സ്(വാർഡ്-11 ലൈസൻസ് നം.261-19/20) | 2 |
| 9 | യൂളോജീയ അക്കാദമി(ജോൺസൺ ഒ | 4 |

| | | |
|---|---|---|
| | ജെ കെട്ടിട നം.11/237B) | |
| 10 | ഫാമിലി സൂപ്പർ മാർക്കറ്റ്(വാർഡ്-11 ലൈസൻസ് നം.255-19/20) | 2 |
| 11 | പ്രഭാകരൻ ഹരിശ്രീ ഇൻഡസ്ട്രിയൽ(വാർഡ്-11 ലൈസൻസ് നം.41-19/20) | 4 |
| 12 | അബ്ബാസ് ഡാം വ്യൂ റസ്റ്റോറന്റ്(വാർഡ്-15 ലൈസൻസ് നം.140-19/20) | 7 |
| 13 | പ്രസിഡന്റ് ഒരുമ അമൃതം ഫുഡ് സപ്ലിമെന്റ്(വാർഡ്-4 ലൈസൻസ് നം.173-19/20) | 4 |
| 14 | ന്യൂ ഫുഡ്ലോഞ്ച് ബേക്കറി& ഹോട്ടൽ(വാർഡ്-11 ലൈസൻസ് നം.38-19/20) | 5 |
| 15 | ബാണാസുര ഫ്യൂവൽസ്(PPX/141) | 8 |
| 16 | മിന റസ്റ്റോറന്റ്& ബേക്കറി(വാർഡ്-11 ലൈസൻസ് നം.3-19/20) | 5 |
| 17 | സെന്റ് ജോസഫ് മിൽ പടിഞ്ഞാറത്തറ(വാർഡ്-14 ലൈസൻസ് നം.62-19/20) | 9 |
| 18 | വയനാട് വിൻഡ് റിസോർട്ട്(വാർഡ്-12 ലൈസൻസ് നം.53-19/20) | 3 |
| 19 | അബൂബക്കർ വി(വാർഡ്-11 ലൈസൻസ് നം.116-19/20) | 16 |
| 20 | നിയോ സൂപ്പർമാർക്കറ്റ്(വാർഡ്-11 ലൈസൻസ് നം.27-19/20) | 2 |
| 21 | പാത്രക്കട | 2 |
| 22 | ബാണാസുര അഗ്രോ&അലയഡ് പ്രൊഡക്ട്സ് കമ്പനി(വാർഡ്-8,ലൈസൻസ് നം.48-19/20) | 13 |
| 23 | ബാണാസുര സ്പൈസസ് & ആയുർവ്വേദിക് ഗാർഡൻ(വാർഡ്-14,ലൈസൻസ് നം.40-19/20) | 5 |
| 24 | ഹോട്ടൽ ഗ്രീൻ പാരഡൈസ്(വാർഡ്-11,ലൈസൻസ് നം.74-19/20) | 4 |
| 25 | ബൊണീറ്റ ബാണാസുര(വാർഡ്-15,ലൈസൻസ് നം.78-19/20) | 4 |
| 26 | സ്വരാജ് ഹോസ്പിറ്റൽ(രണ്ട് ജീവനക്കാരുടെ തൊഴിൽ നികുതി മാത്രമേ അടവാക്കിയിട്ടുള്ളൂ | 4 |
| 27 | കൈരളി മിൽ പടിഞ്ഞാറത്തറ(വാർഡ്-11,ലൈസൻസ് നം.37-19/20) | 4 |
| 28 | ഹോട്ടൽ റഹീമ(വാർഡ്-14,ലൈസൻസ് നം.156-19/20) | 5 |
| 29 | സൂപ്പർ ട്രേഡിംഗ് കമ്പനി(വാർഡ്-14,ലൈസൻസ് | 4 |

| | | |
|---|---|---|
| | നം.202-19/20) | |
| 30 | ശോഭിക ടെക്സ്റ്റെയിൽസ് ആലിക്കട്ടി ചെല്ലിയോട്ടുമ്മൽ | 3 |
| 31 | മലബാർ ഫാഷൻ ജ്വല്ലറി | 2 |

ഇവരിൽ നിന്ന് 2019-20, 2020-21,21-22 സാമ്പത്തീക വർഷങ്ങളിലെ തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

2.സ്വയം തൊഴിൽ ചെയ്യുന്ന ഡോക്ടർമാർ, ബിൽഡിംഗ് ഡിസൈനേഴ്സ് എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഉദാ

1 .ബിനു വരിക്കാം തൊട്ടിയിൽ-ഡിസൈൻ കൺസ്ട്രക്ഷൻസ്.

2ഡോക്ടർ ലോകേഷ്- ഡോക്ടർ ക്ലിനിക്ക്& കൺസൾട്ടന്റ്.

3.തുക ഒടുക്കാത്തത് സ്ഥാപനത്തിന്റെ നികുതി കടിശ്ശിക രജിസ്റ്ററിൽ ചേർത്ത് കുടിശ്ശികയായി കണക്കാക്കിയിട്ടില്ല.

4.സംക്ഷിപ്തവും, സാക്ഷ്യപത്രവും, സെക്രട്ടറിയുടെ ഒപ്പും ഇല്ലാത്ത ഒരു തൊഴിൽനികുതി ഡിമാന്റ് രജിസ്റ്ററാണ് (രണ്ട് അർദ്ധ വർഷങ്ങളിലേയും)ഓഡിറ്റിന് ലഭ്യമാക്കിയത്.

1996 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരർദ്ധവർഷം തൊഴിൽ നികുതി കൊടുക്കുന്നതിന് ബാദ്ധ്യസ്ഥനോ, ബാദ്ധ്യസ്ഥരോ ആണെന്ന് സെക്രട്ടറിക്ക് അഭിപ്രായമുള്ള പക്ഷം അങ്ങനെയുള്ള കമ്പനിയോട്/ആളോട് തുടർന്നുള്ള അർദ്ധവർഷത്തിൽ ഫോറം VI ലുള്ള നോട്ടീസ് പ്രകാരം 15 ദിവസത്തിനുള്ളിൽ റിട്ടേൺ സമർപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഏത് ആദായത്തിന്റെ അടിസ്ഥാനത്തിലാണ് അങ്ങനെയുള്ള അർദ്ധവർഷത്തേക്ക് നിർണ്ണയത്തിന് ബാധ്യതപ്പെട്ടിരിക്കുന്നവെന്ന് കാണിക്കുന്ന ഒരു നോട്ടീസ് നടത്തിയിരിക്കേണ്ടതാണ്.അതുപോലെത്തന്നെ മേൽ ചട്ടങ്ങളിൽ ചട്ടം 14 പ്രകാരം നോട്ടീസ് മൂലം സെക്രട്ടറിയ്ക്ക് തൊഴിലുടമയോട് സ്ഥാപനത്തിൽ ജോലിചെയ്യുന്ന എല്ലാവരുടേയും പേര് അടങ്ങിയ ലിഖിതമായ ഒരു ലിസ്റ്റ്, വരുമാനത്തെ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സഹിതം നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതാണ്.

സെക്രട്ടറിക്കുള്ള അധികാരങ്ങൾ ഉപയോഗിച്ച് പഞ്ചായത്തിൽ പ്രവർത്തിച്ച് വരുന്ന മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളടക്കമുള്ളവയ്ക്ക് നോട്ടീസ് കൊടുത്തതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

ചട്ടം 16 പ്രകാരം തൊഴിലുടമകളോട് ജീവനക്കാരുടെ വരുമാനത്തേയോ ശമ്പളത്തേയോ സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെടുന്നതിനായി ഒരർദ്ധവർഷത്തെ തൊഴിൽനികുതി നിർണ്ണയത്തിന് അർഹമായ കാലം കഴിഞ്ഞാലുടൻ സെക്രട്ടറി 1-ാം നമ്പർ ഫോറത്തിൽ ആഫീസ് തലവനോടോ തൊഴിലുടമയോടോ ജോലിയിലുള്ള ആളുകളുടെ ആകെയുള്ള ശമ്പളത്തേയോ വരുമാനത്തെയോ സംബന്ധിച്ച വിവരങ്ങൾ പതിനഞ്ച് ദിവസത്തിനുള്ളിൽ II ാം നമ്പർ ഫോറത്തിൽ സമർപ്പിക്കുവാൻ ആവശ്യപ്പെടേണ്ടതാണ്. എന്നാൽ ചട്ടത്തിൽ അനുശാസിക്കുന്ന തരത്തിൽ സെക്രട്ടറി പ്രവർത്തിച്ചിട്ടില്ല.

പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങളിലൊന്നായ തൊഴിൽനികുതി പൂർണ്ണമായും ഈടാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

വിശദീകരണം നൽകേണ്ടതാണെന്ന് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/20-21/ 02.08.2021)മറുപടി ലഭ്യമാക്കിയിട്ടില്ല.അപാകത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## <u>1-14 രസീതി ബുക്ക് ഉപയോഗിച്ച് പിരിച്ചെടുത്ത തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടില്ല.</u>

പടിഞ്ഞാറത്തറ ഗ്രമപഞ്ചായത്തിന്റെ മാന്വൽ രസീതി പുസ്തകത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസറുടെ പേരിൽ ചുവടെ പറയുന്ന രസീതി ബുക്കുകൾ ഇഷ്യൂ ചെയ്തിട്ടുണ്ട്.

| രസീതി ബുക്ക് നം. | ഇഷ്യൂ ചെയ്ത തിയ്യതി |
|---|---|
| 17907 | 20/07/2019 |
| 17908 | 20/07/2019 |
| 60269 | തിയ്യതി രേഖപ്പെടുത്തിയിട്ടില്ല. |
| 60270 | 28/08/2020 |
| 60271 | 28/08/2020 |
| 60272 | 28/08/2020 |
| 60274 | 13/08/20 |

രസീതി ബുക്ക് പരിശോധനയിൽ കണ്ടെത്തിയ ശ്രദ്ധേയമായ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പിരിച്ചെടുത്ത തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടില്ല-

20/07/2019 തിയ്യതിയിൽ ഇഷ്യൂ ചെയ്ത 17908 രസീതി ബുക്കിന്റെ 61 മുതൽ 100 വരെയുള്ള രസീതി ഉപയോഗിച്ച് 2020-21 സാമ്പത്തീക വർഷം നടപ്പിലാക്കേണ്ട പദ്ധതിയായ കാട് വെട്ട് യന്ത്രത്തിനുള്ള ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുത്ത 84,000/- രൂപയും 60269 നമ്പർ രസീതി ബുക്കിന്റെ 1 മുതൽ 24വരെയുള്ള രസീതി ഉപയോഗിച്ച് പിരിച്ചെടുത്ത 50,400/- രൂപയും ഉൾപ്പെടെ 1,34,400/- പിരിച്ചെടുത്തിട്ടുണ്ട്. ഈ തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടില്ല.2011 കേരള പഞ്ചായത്തീരാജ് അകൗണ്ട്സ് ചട്ടങ്ങൾ അദ്ധ്യായം 3ചട്ടം 18(2) പ്രകാരം പഞ്ചായത്തിനുവേണ്ടി സ്വീകരിച്ച എല്ലാ പണവും അതേ ദിവസം തന്നെ ക്യാഷ് ബുക്കിൽ/ ബാങ്ക് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. 2011 കേരള പഞ്ചായത്തീരാജ് അകൗണ്ട്സ് ചട്ടങ്ങൾ അദ്ധ്യായം 3ചട്ടം 19(2) പ്രകാരം പിരിച്ച എല്ലാ തുകകളും നിലവിലുള്ള ചട്ടങ്ങളും സർക്കാർ

ഉത്തരവുകളും അനുസരിച്ച് ട്രഷറി അകൗണ്ടിലോ ദേശസാൽകൃത ബാങ്ക് അകൗണ്ടിലോ സഹകരണ ബാങ്ക് അകൗണ്ടിലോ സർക്കാർ നിർദ്ദേശിക്കുന്ന മറ്റ് ബാങ്ക് അകൗണ്ടിലോ നിക്ഷേപിക്കേണ്ടതാണ്.

2.രസീതി ബുക്കിലെ അപാകതകൾ-

1.മേൽ പരാമർശ്ശിച്ച രസീതികളിലൊന്നിലും പണം സ്വീകരിച്ച തിയ്യതി രേഖപ്പെടുത്തിയിട്ടില്ല.

2.60269 നംബർ രസീതി ബുക്ക് ഇഷ്യൂ ചെയ്ത തിയ്യതി രസീതികളുടെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ സെക്രട്ടറി പേജ് സാക്ഷ്യപ്പെടുത്തുകയോ ബുക്കിന്റെ ലീഫുകളിൽ ബുക്ക് നമ്പർ അച്ചടിക്കുകയോ ചെയ്തിട്ടില്ല.2011 കേരള പഞ്ചായത്തീരാജ് അകൗണ്ട്സ് ചട്ടങ്ങൾ അദ്ധ്യായം 3ചട്ടം 20(സി) പ്രകാരം കയ്യെഴുത്ത് സമ്പ്രദായത്തിൽ നൽകുന്ന രസീതുകൾക്ക് തുടർച്ചയായ മെഷീൻ നമ്പർ നൽകേണ്ടതാണ്. പണം പിരിച്ചെടുത്ത തിയ്യതി രസീതിയിൽ രേഖപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് പഞ്ചായത്ത് സെക്രട്ടറിയ്ക്കും(നം. 8/2019-20/ 26.07.2021) നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷിഓഫീസർക്കും ഓഡിറ്റ് എൻക്വയറി (ഓഡിറ്റ് എൻക്വയറി നം. 9/2019-20/ 26.07.2021) നൽകിയതിന് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ തുക അടവാക്കേണ്ടത് കൃഷി ഓഫീസറാണെന്നും കൃഷി ഓഫീസറോട് രസീതി ബുക്കുകൾ തിരികെ ഏൽപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 19/11/2020 തിയ്യതിയിൽ കത്ത് നൽകിയെന്നും രസീതി ബുക്കിൽ സെക്രട്ടറി പേജ് അറ്റസ്റ്റേഷൻ നടത്താനും രസീതി ബുക്ക് ഇഷ്യൂ ചെയ്ത തിയ്യതി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്താനും വിട്ടു പോയതാണെന്നും രസീതി ബുക്കിന്റെ ലീഫുകളിൽ ബുക്ക് നമ്പർ അച്ചടിക്കാത്തത് ശ്രദ്ധയിൽ പെട്ടിട്ടില്ല എന്നും സെക്രട്ടറി അറിയിച്ചു.

നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസറുടെ മറുപടി പ്രകാരം ഇദ്ദേഹത്തിന് അഡീഷണൽ ചാർജ്ജുള്ള പടിഞ്ഞാറത്തറ ഗ്രാമ പഞ്ചായത്ത് കൃഷി ഭവനിൽ ഇദ്ദേഹം ഇല്ലാതിരുന്ന സമയത്ത് പഞ്ചായത്ത് പ്രസിഡന്റായ ശ്രീ.നൗഷാദും ആറാം വാർഡ് മെമ്പറായ ജോസഫ് പുല്ലുമാരിയും കൂടി ചെന്ന് കൃഷിഓഫീസറുടെ സമ്മതമില്ലാതെ സീനിയർ കൃഷി അസിസ്റ്റന്റിന്റെ കൈയ്യിൽ നിന്ന് 17908 നംബർ രസീതി ബുക്ക് വാങ്ങിപ്പോകുകയും എന്നാൽ ഇക്കാര്യം കൃഷി അസിസ്റ്റന്റ് കൃഷി ഓഫീസറെ അറിയിച്ചിരുന്നില്ലെന്നും കുറച്ചു നാളുകൾക്ക് ശേഷം മറ്റൊരാവശ്യത്തിന് പഞ്ചായത്ത് ഓഫീസിൽ ചെന്നപ്പോൾ പഞ്ചായത്ത് പ്രസിഡന്റും ആറാം വാർഡ് മെമ്പറായ ജോസഫ് പുല്ലുമാരിയും പഞ്ചായത്ത് സെക്രട്ടറിയും വേറെ രണ്ടുപേരും ചേർന്ന് 17908 നംബർ രസീതി ബുക്കിന്റെ 61 മുതൽ 100 വരെയുള്ള രസീതി ലീഫുകളിൽ ബലം പ്രയോഗിച്ച് ഒപ്പ് വെപ്പിക്കാൻ നോക്കിയെന്നും ഈ രസീതി ബുക്ക് ഉപയോഗിച്ച് കുടുംബശ്രീകളുടെ കൈയ്യിൽ നിന്നും പണം പിരിച്ചെടുത്തതിന് ശേഷമാണ് കൃഷി ഓഫീസറെ നിർബന്ധിച്ച് ഒപ്പിടീക്കാൻ ശ്രമിച്ചതെന്നും കൃഷി ഓഫീസർ അതിന് വഴങ്ങിയില്ലെന്നും മറുപടിയിൽ പറയുന്നു. കൂടാതെ 60269 നമ്പർ രസീതി ബുക്ക് കൃഷി ഓഫീസർ കൈപ്പറ്റിയതായി മാന്വൽ രസീതി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് അദ്ദേഹത്തെക്കൊണ്ട് നിർബന്ധിച്ച് ഒപ്പുവെപ്പിച്ചതിന് ശേഷം രസീതി ബുക്ക് അദ്ദേഹത്തിന് കൈമാറാതെ പിറ്റേ ദിവസം പ്രസ്തുത രസീതി ബുക്കിന്റെ 1 മുതൽ 14 വരെയുള്ള ലീഫുകളിൽ വിവിധ കുടുംബശ്രീകളുടെ പേരിൽ രസീതി എഴുതി 50,400/- രൂപ ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുത്തതിന് ശേഷം രസീതി ബുക്കിന്റെ പകർപ്പ് കീറിയെടുത്ത് രസീതിയുടെ അസ്സൽ മാത്രമായി കൃഷി ഓഫീസറെ ഏൽപ്പിക്കുകയും ചെയ്തതായി കൃഷി ഓഫീസറുടെ മറുപടിയിൽ പറയുന്നു. ഈ പണം കുടുംബശ്രീകളിൽ നിന്നും പിരിച്ചെടുത്ത സമയത്ത് ടെൻഡർ നടപടികൾ പൂർത്തിയാക്കുകയോ നിർവ്വഹണ ഉദ്യോഗസ്ഥന് ഗുണഭോക്തൃ ലിസ്റ്റ് കൈമാറുകയോ ചെയ്തിട്ടില്ലായിരുന്നു എന്നും മറുപടിയിൽ പറയുന്നു.

പഞ്ചായത്ത് അദ്ധ്യക്ഷന്റെ നേതൃത്വത്തിൽ പിരിച്ചെടുത്ത ഈ പണം നാളിതുവരെ പഞ്ചായത്ത് അകൗണ്ടിൽ വരവ് വെച്ചിട്ടില്ല. ഇത് സംബന്ധിച്ച് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിലോ ഭരണ സമിതിയിലോ യാതൊരു ചർച്ചയും നടന്നിട്ടില്ല. മേൽ ചട്ടം 19(3) പ്രകാരം പഞ്ചായത്തിനു വേണ്ടി ലഭിച്ച തുക ട്രഷറിയിലോ ബാങ്കിലോ നിക്ഷേപിക്കാതെ ഏതെങ്കിലും ചെലവിന് വേണ്ടി ഉപയോഗിക്കാൻ പാടില്ലാത്തതാണ്.

രസീതി ബുക്ക് ഉപയോഗിച്ച് പിരിച്ചെടുത്ത പണം പഞ്ചായത്ത് ഫണ്ടിൽ അടവു വരുത്തി വിവരം രേഖാമൂലം അറിയിക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു. വിഷയത്തിൽ തുടരന്വേഷണത്തിന് ശുപാർശ്ശ ചെയ്യുന്നു.

## 1-15 ആയുർവ്വേദ മെഡിക്കൽ ഓഫീസർ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

2019-20 സാമ്പത്തീക വർഷം ആയുർവ്വേദ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പട്ടിക വർഗ്ഗ വയോജനങ്ങൾക്ക് മെഡിക്കൽ ക്യാമ്പ്, ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ എന്നീ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. പദ്ധതിയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

പ്രോജക്ട് നമ്പർ- 77/2019-20

പ്രോജക്ട്-പട്ടിക വർഗ്ഗ വയോജനങ്ങൾക്ക് മെഡിക്കൽ ക്യാമ്പ്

അടങ്കൽ - ₹ 2,00,000/-

ചെലവ് - ₹ 1,75,000/-

ബിൽ നമ്പർ-02/19-20/14.10.2019 ₹ 1,50,000/-

03/19-20/28.02.2020 ₹25,000/-

നിർവഹണം- ആയുർവ്വേദ മെഡിക്കൽ ഓഫീസർ.

ഫണ്ട്-ടി എസ് പി

പ്രോജക്ട് നമ്പർ- 35/2019-20

പ്രോജക്ട്-ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ.

അടങ്കൽ - ₹ 5,00,000/-

ചെലവ് – ₹ 5,00,000/-

ബിൽ നമ്പർ-01/19-20/10.07.19

നിർവഹണം- ആയുർവ്വേദ മെഡിക്കൽ ഓഫീസർ.

ഫണ്ട്-പൊതുവിഭാഗം സാധാരണ വിഹിതം

സ.ഉ(കൈ)നം.22/2018ത.സ്വ.ഭ.വ തിയ്യതി.14/02/18 ഖണ്ഡിക 7.5.3 പ്രകാരം വകുപ്പ് മുഖേന വിതരണം ചെയ്യുന്ന മരുന്നുകൾ അപര്യാപ്തമാണെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് മരുന്ന് വാങ്ങി നൽകാവുന്നതാണ്. എന്നാൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ മരുന്നിനുവേണ്ടി തുക ചെലവഴിക്കാൻ പാടില്ലാത്തതാണ്. എന്നാൽ മുകളിൽ പറഞ്ഞ രണ്ടു പദ്ധതികൾക്കുവേണ്ടി ഔഷധിയിൽ നിന്നും മരുന്ന് വാങ്ങിയത് ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെയാണ്.ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല(ഓഡിറ്റ് എൻക്വയറി നം. 10/2019-20/26.07.2021). നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

## 1-16 പട്ടിക ജാതി വിദ്യാർഥികൾക്ക് പഠനോപകരണം നൽകൽ പദ്ധതിയിൽ വാങ്ങിയ സാധനങ്ങൾ പൂർണ്ണമായും വിതരണം നടത്തിയിട്ടില്ല.

പട്ടികജാതി വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനു വേണ്ടി ആവിഷ്കരിച്ച പദ്ധതിയാണ് പട്ടിക ജാതി വിദ്യാർഥികൾക്ക് പഠനോപകരണം നൽകൽ പദ്ധതി. പദ്ധതിയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പ്രോജക്റ്റ് നമ്പർ- SO 310/19-20

പ്രോജക്റ്റ്-പട്ടിക ജാതി വിദ്യാർഥികൾക്ക് പഠനോപകരണങ്ങൾ.

അടങ്കൽ - ₹ 2,50,000/-

ചെലവ് – ₹ 2,08,950/-

ബിൽ നമ്പർ-04/19-20/ 29.09.19

നിർവഹണം- ഹെഡ് മാസ്റ്റർ

ഫണ്ട്-എസ് സി പി

ടെൻഡർ നടത്തി വിലയിലും ഗുണനിലവാരത്തിലും മുൻപിലെന്ന് പ്രൊക്വയർമെന്റ് കമ്മിറ്റി വിലയിരുത്തിയ കമ്പനിയുടെ സാധനങ്ങളാണ് പദ്ധതിക്കുവേണ്ടി വാങ്ങാൻ തീരുമാനിച്ചത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1.പഠനോപകരണങ്ങൾക്ക് ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ വിസ്മയ ഫുഡ്വെയർ പടിഞ്ഞാറത്തറയ്ക്ക് 02/03/2019 തിയ്യതിയിലെ A9-1039/19 കത്ത് പ്രകാരം ഹെഡ് മാസ്റ്റർ ഓർഡർ നൽകിയിട്ടുണ്ട്. പർച്ചേസ് ഓഡറിന്റെ വിവരം താഴെ കൊടുക്കുന്നു.

| നോട്ട് ബുക്ക് വരയിട്ടത് | നോട്ട് ബുക്ക് വരയിടാത്തത് | ബാഗ് വലുത് | ബാഗ് ചെറുത് | ബോക്സ് | മിൽട്ടൺ ഫ്ലാസ്ക് വലുത് | മിൽട്ടൺ ഫ്ലാസ്ക് ചെറുത് | കുട | ക്രയോൺസ് |
|---|---|---|---|---|---|---|---|---|
| 850 | 850 | 50 | 70 | 50 | 70 | 50 | 120 | 70 |

എന്നാൽ പർച്ചേസ് ഓഡർ പ്രകാരമുള്ള സാധനങ്ങളല്ല ബിൽ പ്രകാരം ലഭിച്ചത്. ബിൽ പ്രകാരം ലഭിച്ച സാധനങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നോട്ട് ബുക്ക് വരയിട്ടത് | നോട്ട് ബുക്ക് വരയിടാത്തത് | ബാഗ് വലുത് | ബാഗ് ചെറുത് | ബോക്സ് | മിൽട്ടൺ ഫ്ലാസ്ക് വലുത് | മിൽട്ടൺ ഫ്ലാസ്ക് ചെറുത് | കുട | ക്രയോൺസ് |
|---|---|---|---|---|---|---|---|---|
| 1607 | | 44 | 83 | 95 | 44 | 83 | 127 | 83 |

ഓർഡർ പ്രകാരമുള്ള സാധനങ്ങളും ലഭിച്ച സാധനങ്ങളും തമ്മിലുള്ള വ്യത്യാസം താഴെ കൊടുക്കുന്നു.

| നോട്ട് ബുക്ക് വരയിട്ടത് | നോട്ട് ബുക്ക് വരയിടാത്തത് | ബാഗ് വലുത് | ബാഗ് ചെറുത് | ബോക്സ് | മിൽട്ടൺ ഫ്ലാസ്ക് വലുത് | മിൽട്ടൺ ഫ്ലാസ്ക് ചെറുത് | കുട | ക്രയോൺസ് |
|---|---|---|---|---|---|---|---|---|
| -93 | | -6 | +13 | +45 | -26 | +33 | +7 | +13 |

പർച്ചേസ് ഓർഡറും ലഭിച്ച സാധനങ്ങളും തമ്മിൽ വ്യത്യാസം ഉണ്ടായിട്ടും നിർവ്വഹണ ഉദ്യോഗസ്ഥൻ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

2. ലഭിച്ച 95 ബോക്സിൽ 45 എണ്ണം മാത്രമേ വിതരണം നടത്തിയിട്ടുള്ളൂ. 50 ബോക്സ് വിതരണം നടത്തിയിട്ടില്ല.

പർച്ചേസ് ഓർഡറിൽ നിന്നും വ്യതിചലിച്ച് പഠനോപകരണങ്ങൾവാങ്ങിയതിനും വാങ്ങിയ സാധനങ്ങൾ പൂർണ്ണമായും വിതരണം നടത്താത്തതിനും വിശദീകരണം നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 09/2020-21/26.07.2021)മറുപടിയായി ഇൻസ്ട്രുമെന്റ് ബോക്സ് യഥാർത്ഥത്തിൽ 44 എണ്ണം മാത്രമേ ലഭിച്ചിട്ടുള്ളൂ എന്നും ഇൻസ്ട്രുമെന്റ് ബോക്സിന്റെ വിലയും എണ്ണവും തമ്മിൽ മാറിപ്പോയതുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചതെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചത്. പർച്ചേസ് ഓർഡർ പ്രകാരം 50 ബോക്സിന് ഓർഡർ കൊടുത്തത് 44 ബോക്സിലേക്ക് മാറിപ്പോയി എന്നുള്ള വിശദീകരണം തൃപ്തികരമല്ല. വിതരണം ചെയ്യാൻ

ബാക്കിയുള്ള ബോക്സ് വിതരണം ചെയ്ത് അറിയിക്കേണ്ടതും പർച്ചേസ് ഓർഡറിൽ നിന്നും വ്യതിചലിച്ച് പഠനോപകരണങ്ങൾവാങ്ങിയതിന് വിശദീകരണം നൽകേണ്ടതുമാണ്.

## 1-17 എസ് എസ് എ വിഹിതം നൽകൽ പദ്ധതി -മോണിറ്ററിംഗ് നടത്തിയിട്ടില്ല.

സർവ്വശിക്ഷാ അഭിയാൻ പദ്ധതിയിൽ ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി പഞ്ചായത്ത് വിഹിതം താഴെ പറയും പ്രകാരം നല്കിയിട്ടുണ്ട്.

| | |
|---|---|
| പദ്ധതിയുടെ പേര് | എസ്.എസ്.എ വിഹിതം നൽകൽ |
| പ്രോജക്ട് നമ്പർ | 90/19-20 |
| അടങ്കൽ | ₹3,00,000/- (വികസന ഫണ്ട്- ജനറൽ) |
| ബിൽ നമ്പർ & തുക | 05/19-20/24.09.19– ₹3,00,000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |

| | |
|---|---|
| പദ്ധതിയുടെ പേര് | എസ്.എസ്.എ വിഹിതം നൽകൽ |
| പ്രോജക്ട് നമ്പർ | 93/19-20 |
| അടങ്കൽ | ₹3,00,000/- (ടി എസ് പി) |
| ബിൽ നമ്പർ & തുക | 03/19-20/27.07.19 – ₹3,00,000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |

| | |
|---|---|
| പദ്ധതിയുടെ പേര് | എസ്.എസ്.എ വിഹിതം നൽകൽ |
| പ്രോജക്ട് നമ്പർ | 123/19-20 |
| അടങ്കൽ | ₹2,00,000/- (എസ് സി പി) |
| ബിൽ നമ്പർ & തുക | 04/19-20/247.07.19– ₹2,00,000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |

2019-20വർഷം നൽകിയ 8,00,000/- രൂപയുടെ വിനിയോഗം സംബന്ധിച്ച് ഇനം തിരിച്ച മൂല്യനിർണ്ണയ സാക്ഷ്യപത്രം എസ് എസ് എ നൽകിയിട്ടുണ്ട്.എന്നാൽ പദ്ധതിയിൽ നടപ്പാക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ, അവ പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ, മോണിറ്ററിംഗ് നടത്തിയതിന്റെ വിവരങ്ങൾ എന്നിവ ഫയലിൽ ലഭ്യമല്ല. വർക്കിംഗ് ഗ്രൂപ്പ്, പി.ഇ.സി. എന്നിവ ഇപ്രകാരം നല്കിയ ഫണ്ട് പഞ്ചായത്തിലെ സ്കൂളുകളിലെ പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചത് പരിശോധനാ വിധേയമാക്കിയതായി ഫയലിൽ ഇല്ല. കൊഴിഞ്ഞു പോയ കുട്ടികൾക്കുവേണ്ടിയുള്ള തുടർ പഠന പ്രവർത്തനങ്ങൾ,ഗവ വിദ്യാലയങ്ങൾക്കുള്ള വാർഷിക ഗ്രാന്റുകൾ,സൗജന്യ യൂണിഫോം സൗജന്യ പാഠപുസ്തകം തുടങ്ങി വിവിധങ്ങളായ ഭൗതിക ഇനങ്ങൾ പത്രികയിൽ പരാമർശിക്കുന്നുണ്ടെങ്കിലും അവ പഞ്ചായത്തിലെ ഏതെല്ലാം സ്കൂളുകളിൽ നടപ്പാക്കി എന്നത് നിർവ്വഹണ ഉദ്യോഗസ്ഥനും പി.ഇ.സി.യും, വർക്കിംഗ്ഗ്രൂപ്പും വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും പരിശോധിച്ചതായി ഫയലിൽ ഇല്ല. വിശദീകരണവും ഇനം തിരിച്ച മൂല്യനിർണ്ണയ വിവരങ്ങളും ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (നം.11/2019-20/ 28.07.2021)മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 8,00,000/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-18 അംഗീകാരം ലഭിച്ച പ്രോജക്ടിൽ നിന്നും വ്യതിചലനം.

2019-20 വർഷത്തിൽ ഡി.പി.സി. യുടെ അംഗീകാരം വാങ്ങിയ പ്രോജക്ടിൽ നിന്നും വ്യതിചലിച്ചാണ് താഴെ പറയുന്ന പ്രോജറ്റുകൾ സെക്രട്ടറി നടപ്പിലാക്കിയിട്ടുള്ളത്.

1. തോണി വാങ്ങൽ

| | |
|---|---|
| പ്രോജകട് നമ്പർ | എസ്.0072/20 |
| അടങ്കൽ | ₹225000/- (തനത് ഫണ്ട്) |
| ചെലവ് | ₹2,19,000/- ചെക്ക് നമ്പർ 0425654/09.06.2020 |

രണ്ട് തോണികൾ വാങ്ങുന്നതിനാണ് പ്രോജകട് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുള്ളത് എന്നാൽ മൂന്ന് തോണികളാണ് വാങ്ങിയിട്ടുള്ളത്.

2. പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ.

| | |
|---|---|
| പ്രോജകട് നമ്പർ | എസ്.0066/20 |
| അടങ്കൽ | ₹4,00,000/- (₹3,90,000/- (വികസന ഫണ്ട്), ₹1000/- (തനത് ഫണ്ട്)) |
| ചെലവ് | ₹3,21,032- ട്രഷറി ബിൽ നമ്പർ 40/19-20/21.01.2020 |

6 കമ്പ്യൂട്ടറും, 5 പ്രിന്ററും വാങ്ങുന്നതിനാണ് പ്രോജകട് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുള്ളത് . എന്നാൽ 8 കമ്പ്യൂട്ടറുകളാണ് വാങ്ങിയിട്ടുള്ളത്. മേൽ പറഞ്ഞതിനു പുറമെ ഗ്രാമപഞ്ചായത്ത് ജംഗമ ആസ്തികളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല.

02.08.2021 -ലെ ഓഡിറ്റ് എൻക്വയറി നം . 23/2020-21 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ആകെ ചെലവ് തുക ₹5,40,032/- ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-19 മെമ്മോ ഓഫ് പേയ്മെന്റ് തയ്യാറാക്കിയതിലെ ന്യൂനത കരണം ആധിക തുക നൽകി.

അസി. എഞ്ചിനീയർ നടപ്പിലാക്കിയ മില്ലുമുക്ക് ബസ് വെയ്റ്റിംഗ് ഷെഡ് നിർമ്മാണം എന്ന പ്രവൃത്തിയുടെ മെമ്മോ ഓഫ് പേയ്മെന്റ് തയ്യാറാക്കിയപ്പോൾ പ്രവൃത്തി മൂല്യം തെറ്റായി രേഖപ്പെടുത്തിയതുമൂലം ₹6000/- അധികം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ്. 0280/20 |
| അടങ്കൽ | ₹1,00,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ്, ട്രഷറി ബിൽ നം., തീയതി | ₹79396/-, 08/2019-20, 11.07.2019 |
| കരാർ നമ്പർ, തീയതി | AE/LSGD/PP/11/18-19, 30.08.2018 |
| കരാറുകരൻ | ശ്രീ. എസ്. പ്രഭാകരൻ |
| അളവ് പുസ്തകത്തിന്റെ നമ്പർ | 228/18-19 (പേജുകൾ 1-21`) |

അളവ് പുസ്തകത്തിലെ പേജ് നമ്പർ 20 പ്രകാരം പ്രവൃത്തി മൂല്യം ₹73,396/- ആണ്. എന്നാൽ പേജ് നമ്പർ 21 -ൽ തയ്യാറാക്കിയ മെമ്മോ ഓഫ് പേയ്മെന്റിൽ പ്രവൃത്തി മൂല്യം ₹79,396/- എന്ന് തെറ്റായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അളവ് പുസ്തകത്തിലെ മെമ്മോ ഓഫ് പേയ്മെന്റിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തിയുടെ ബിൽ തയ്യാറാക്കി തുക അനുവദിച്ചതിനാൽ ₹6000/- (79,396 - 73,396 ) നഷ്ടം ഉണ്ടായിട്ടുണ്ട്. 26.07.2021 ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 04/2019-20) മറുപടിയായി അധികമായി തുക പ്രസ്തുത ഫണ്ടിലേക്ക് തിരിച്ചടയ്ക്കുന്നതാണ് എന്ന് 27.07.2021 -ലെ AE/L1 & EWD/PP/20-21 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന് ഉണ്ടായ നഷ്ടം ₹6000/- മെമ്മോ ഓഫ് പേയ്മെന്റ് തയ്യാറാക്കിയ അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-20 ടെണ്ടർ വ്യതിയാനം കുറവ് ചെയ്യാതെ പ്രവൃത്തി മൂല്യം കണക്കാക്കി.

അസി. എഞ്ചിനീയർ നടപ്പിലാക്കിയ ഇല്ലിമുക്ക് കാലപ്പള്ളി റോഡ് കോൺക്രീറ്റ് എന്ന പ്രവൃത്തിയുടെ ടെണ്ടറിൽ രണ്ട് കരാറുകാരാണ് പങ്കെടുത്തിട്ടുള്ളത്. ഇതിൽ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 8.6% കുറവ് രേഖപ്പെടുത്തിയ ശ്രീ. മുഹമ്മദ് ജിൻഷാദ് എന്ന കരാറുകരന്റെ ടെണ്ടറാണ് അംഗീകരിച്ച് പ്രവൃത്തി ഏൽപ്പിച്ചിട്ടുള്ളത് (2019-20 ടെണ്ടർ രജിസ്റ്റർ പേജ് നമ്പർ 21). പ്രവൃത്തി പൂർത്തിയാക്കിയതിന്റെ അടിസ്ഥാനത്തിൽ ബിൽ തുക അനുവദിച്ചപ്പോൾ ടെണ്ടർ വ്യതിയാനം കുറവ് ചെയ്യാതെ പ്രവൃത്തി മൂല്യം കണക്കാക്കിയതിനാൽ ₹20738/- അധികം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ്. 0105/20 |
| അടങ്കൽ | ₹2,50,000/- (സംരക്ഷണ ഗ്രാന്റ്) |
| ചെലവ്, ട്രഷറി ബിൽ നം., തീയതി | ₹241141/-, 51/2019-20, 14.03.2020 |
| കരാർ നമ്പർ, തീയതി | AE/LSGD/PP/62/19-20, 18.11.2019 |
| അളവ് പുസ്തകത്തിന്റെ നമ്പർ | 110/19-20 (പേജുകൾ 1-8) |

അളവ് പുസ്തകത്തിലെ പേജ് നമ്പർ 7 പ്രകാരം ചെയ്ത പ്രവൃത്തികളുടെ ആകെ തുക ₹2,15,304.68 ആണ്. ആയതിൽ നിന്നും 8.6% ടെണ്ടർ വ്യതിയാനം കുറവ് ചെയ്ത് അതിനോട് 12% തുക ജി.എസ്.ടി. കൂടി കൂട്ടിയായിരുന്നു പ്രവൃത്തി മൂല്യം കണക്കാക്കേണ്ടിയിരുന്നത്. എന്നാൽ ടെണ്ടർ വ്യതിയാനം കുറവ് ചെയ്യതെ അളവ് പുസ്തകത്തിൽ നിർണ്ണയിച്ച പ്രവൃത്തി മൂല്യത്തിന്റെ അടിസ്ഥാനത്തിലാണ് പ്രവൃത്തിയുടെ ബിൽ തയ്യാറാക്കി തുക അനുവദിച്ചിട്ടുള്ളത്.

| | അളവ് പുസ്തകത്തിൽ നിർണ്ണയിച്ച പ്രവൃത്തി മൂല്യം | യഥാർത്ഥത്തിൽ നിർണ്ണയിക്കേണ്ടിയിരുന്ന പ്രവൃത്തി മൂല്യം |
|---|---|---|
| ചെയ്ത പ്രവൃത്തികളുടെ ആകെ തുക | 2,15,304.68 | 2,15,304.68 |
| ടെണ്ടർ വ്യതിയാനം 8.6% | -- | 18516.2 |
| ടെണ്ടർ വ്യതിയാനം കുറവ് ചെയ്ത ശേഷം ബാക്കി തുക | -- | 196788.48 |
| ജി.എസ്.ടി. 12% | 25836.54 | 23614.62 |

| | | |
|---|---|---|
| പ്രവൃത്തി മൂല്യം | 2,41,141.24 | 2,20,403.1 |

അധിക ചെലവ് (2,41,141 - 2,20,403) = ₹20738/-.

26.07.2021 ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 05/2019-20) മറുപടിയായി അധികമായി തുക കരാറുകരനിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ഫണ്ടിലേക്ക് തിരിച്ചടച്ച് അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കുന്നതാണ് എന്ന് 27.07.2021 -ലെ AE/L1 & EWD/PP/21-22 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. ടെണ്ടർ വ്യതിയാനം കുറവ് ചെയ്യാതെ പ്രവൃത്തി മൂല്യം കണക്കാക്കിയതുമൂലം ഗ്രാമപഞ്ചായത്തിന് ഉണ്ടായ നഷ്ടം ₹20738/- മെമ്മോ ഓഫ് പേയ്മെന്റ് തയ്യാറാക്കിയ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-21 സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ വാഹന വാടക ഇനത്തിൽ അധികം തുക ചെലവഴിച്ചു.

2019-20 സാമ്പത്തിക വർഷത്തിൽ പടിഞ്ഞാറത്തറ ഗ്രാമ പഞ്ചായത്തിലെ ഔദ്യോഗികാവശ്യങ്ങളുമായി ബന്ധപ്പെട്ട് നിരവധി തവണ വാഹനങ്ങൾ വാടകയ്ക്ക് എടുത്ത് ഉപയോഗിച്ചതായി കാണുന്നു. സ.ഉ(സാധ)നം.2493/2012/ത.സ്വ.ഭ.വ തിയ്യതി 3-9-2012 പ്രകാരം സ്വന്തമായി വാഹനം ഇല്ലാത്ത തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് പ്രതിവർഷം വാടകയിനത്തിൽ ചെലവഴിക്കാവുന്ന പരമാവധി തുക75000/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്വന്തമായി വാഹനം ഉണ്ടായിട്ടും പ്രസ്തുത വർഷത്തിൽ ഗ്രാമ പഞ്ചായത്ത് ഈയിനത്തിൽ 287696/- രൂപ ചെലവഴിച്ചതായി ഇതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാവുന്നു. സർക്കുലർ നം. 85/2018/ഫിൻ തിയ്യതി 15-9-2018 പ്രകാരം സുതാര്യമായ ടെണ്ടർ നടപടികളിലൂടെയാണ് വാഹനങ്ങൾ വാടകയ്ക്ക് എടുക്കേണ്ടത് എന്നും ദീർഘകാല അടിസ്ഥാനത്തിൽ വാഹനങ്ങൾ വാടകയ്ക്ക് എടുക്കുമ്പോൾ ധനകാര്യ വകുപ്പിൽ നിന്നുള്ള അനുമതി ലഭ്യമാക്കണമെന്നും നിഷ്കർഷിക്കുന്നുണ്ട്. പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങൾ ഒന്നും പാലിക്കാതെയാണ് ഗ്രാമ പഞ്ചായത്ത് വാഹനം വാടകയ്ക്ക് എടുത്ത് ഉപയോഗിച്ചിരിക്കുന്നത്. ഈ ഇനത്തിൽ വന്നിട്ടുള്ള ചെലവുകളുടെ ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | വൗച്ചർ നം | തിയ്യതി | വാഹന വാടകയിനത്തിൽ ചെലവായ തുക |
|---|---|---|---|
| 1 | 21900110 | 4-5-2019 | 30000 |
| 2 | 21900212 | 15-6-2019 | 4000 |
| 3 | 21900257 | 3-7-2019 | 30000 |
| 4 | 21900329 | 20-7-2019 | 14000 |
| 5 | 21900434 | 22-8-2019 | 3400 |
| 6 | 21900507 | 6-9-2019 | 7800 |
| 7 | 21900581 | 1-10-2019 | 5000 |
| 8 | 21900658 | 23-10-2019 | 12500 |
| 9 | 21900739 | 8-11-2019 | 3800 |
| 10 | 21900944 To21900947 | 31-12-2019 | 8200 |
| 11 | 21901126 | 6-2-2020 | 5000 |
| 12 | 21901227 | 9-3-2020 | 27500 |

വാഹന വാടകയിനത്തിലെ അമിത ചെലവ് നിയന്ത്രിക്കുന്നതിനായി ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ ഭാഗത്ത് നിന്നോ ഭരണ സമിതിയുടെ ഭാഗത്ത് നിന്നോ യതൊരു ഇടപെടലും ഉണ്ടായതായി രേഖകളിൽ കാണുന്നില്ല. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ വാഹന വാടകയിനത്തിൽ മേൽ പ്രകാരം അധികം ചെലവ് ചെയ്യാനിടയായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

## 1-22 മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറത്തിൽ രേഖപ്പെടുത്തിയ നിരക്കുകൾ തിരുത്തിയത് അംഗീകരിക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 10(7) അനുസരിച്ച് ഓരോ ടെണ്ടറിലും അത് നൽകിയ ആൾ വരുത്തിയിട്ടുള്ളതും സാക്ഷ്യപ്പെടുത്താത്തതുമായ തിരുത്തലുകൾ ഉണ്ടെങ്കിൽ ആ തിരുത്തലുകളെപ്പറ്റി ടെണ്ടറിൽ രേഖപ്പെടുത്തേണ്ടതാണ്. ചട്ടം 10(8) അനുസരിച്ച് ടെണ്ടർ തുറക്കുന്നയാൾ ടെണ്ടർ ഫോറത്തിൽ സ്വന്തം കൈപ്പടയിൽ കരാറുകാരൻ രേഖപ്പടുത്തിയിട്ടുള്ള ടെണ്ടർ നിരക്കിന്റെ ശതമാനം അക്കത്തിലും അക്ഷരത്തിലും രേഖപ്പെടുത്തി കയ്യൊപ്പുവയ്ക്കേണ്ടതാണ്.

അസി. എഞ്ചിനീയർ നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികളുടെ അംഗീകരിച്ച് ടെണ്ടർ സമർപ്പിച്ച കരാറുകാർ സമർപ്പിച്ച ടെണ്ടർ ഫോറത്തിൽ കരാറുകാരൻ രേഖപ്പടുത്തിയിട്ടുള്ള ടെണ്ടർ നിരക്ക് തിരുത്തിയിട്ടുണ്ട്. എന്നാൽ ടെണ്ടർ തുറന്ന ഉദ്യോഗസ്ഥൻ തിരുത്തിനെ പറ്റി ടെണ്ടറിൽ രേഖപ്പെടുത്തിയിട്ടില്ല. ടെണ്ടർ നിരക്കിന്റെ ശതമാനം അക്കത്തിലും അക്ഷരത്തിലും രേഖപ്പെടുത്തി കയ്യൊപ്പുവെക്കുകയും ചെയ്തിട്ടില്ല. തിരുത്തിയ നിരക്കുകൾ പ്രകാരമാണ് പ്രവൃത്തിയുടെ ബിൽ തുക അനുവദിച്ചിട്ടുള്ളത്.

1. കല്ലുമൊട്ടുംകുന്ന് 16-ാംമൈൽ 4 സെന്റ് കോളനി കയറ്റം കോൺക്രീറ്റ്.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്. 0342/20 |
| അടങ്കൽ | ₹4,50,000/- (സംരക്ഷണ ഗ്രാന്റ്) |
| ചെലവ്, ട്രഷറി ബിൽ നം., തീയതി | ₹446865/-, 14/2019-20, 12.07.2019 |
| കരാർ നമ്പർ, തീയതി | AE/LSGD/PP/33/18-19, 28.09.2018 |
| അളവ് പുസ്തകത്തിന്റെ നമ്പർ | 281/18-19 (പേജുകൾ 1-13`) |

മേൽ പ്രവൃത്തിയുടെ ടെണ്ടറിൽ രണ്ട് കരാറുകാരാണ് പങ്കെടുത്തിട്ടുള്ളത്. ഇതിൽ ശ്രീ. വിനു വി.കെ. എന്ന കരാറുകാരന്റെ ടെണ്ടറാണ് അംഗീകരിച്ചിട്ടുള്ളത്. ഇദ്ദേഹം സമർപ്പിച്ച ടെണ്ടർ ഫോറത്തിൽ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 11.6% കുറവ് എന്ന രേഖപ്പെടുത്തിയത് എസ്റ്റിമേറ്റ് നിരക്ക് എന്ന് തിരുത്തി എഴുതിയിട്ടുണ്ട്. കരാറുകരന് എസ്റ്റിമേറ്റ് നിരക്കിലാണ് തുക അനുവദിച്ചിട്ടുള്ളത്. ടെണ്ടറിൽ പങ്കെടുത്ത രണ്ടാമത്തെ കരാറുകാരനായ ശ്രീ. വി.യു. ജോസഫ് 10% അധിക നിരക്കാണ് രേഖപ്പടുത്തിയിരുന്നത്.

2. പെരിങ്ങോട്ട്കുന്ന് എസ്.ടി. കോളനി നടപ്പാത കോൺക്രീറ്റ്

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്. 0323/20 |
| അടങ്കൽ | ₹1,43,200/- (സംരക്ഷണ ഗ്രാന്റ്) |
| ചെയ്ത പ്രവൃത്തികളുടെ ആകെ തുക | ₹1,43,200/- |
| ചെലവ്, ട്രഷറി ബിൽ നം., തീയതി | ₹138030/-, 15/2019-20, 02.07.2019 |
| കരാർ നമ്പർ, തീയതി | AE/LSGD/PP/61/18-19, 28.11.2018 |
| അളവ് പുസ്തകത്തിന്റെ നമ്പർ | 297/18-19 (പേജുകൾ 1-8) |

മേൽ പ്രവൃത്തിയുടെ ടെണ്ടറിൽ രണ്ട് കരാറുകാരാണ് പങ്കെടുത്തിട്ടുള്ളത്. ഇതിൽ സി.കെ. മുഹമ്മദ് നിസാർ എന്ന കരാറുകാരന്റെ ടെണ്ടറാണ് അംഗീകരിച്ചിട്ടുള്ളത്. ഇദ്ദേഹം സമർപ്പിച്ച ടെണ്ടർ ഫോറത്തിൽ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 8.6% കുറവ് എന്ന രേഖപ്പെടുത്തിയത് 3.6% കുറവ് നിരക്ക് എന്ന് തിരുത്തി എഴുതിയിട്ടുണ്ട്. ടെണ്ടർ രജിസ്റ്ററിലും 8.6% എന്ന് രേഖപ്പടുത്തിയത് 3.6% എന്ന് തിരുത്തൽ വരുത്തിയിട്ടുണ്ട്. കരാറുകരന് 3.6% കുറവ് നിരക്കിലാണ് തുക അനുവദിച്ചിട്ടുള്ളത്. ടെണ്ടറിൽ പങ്കെടുത്ത രണ്ടാമത്തെ കരാറുകാരനായ ശ്രീ. ഇസ്മായിൽ 1.2% കുറവ് നിരക്കാണ് രേഖപ്പടുത്തിയിരുന്നത്.

26.07.2021 ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 06/2019-20) മറുപടിയായി ടെണ്ടർ ഫോറത്തിലെ തിരുത്തലുകൾ അതത് കോൺട്രാക്ടർമാർ തന്നെയാണ് നടത്തിയിട്ടുള്ളതെന്നും തിരുത്തലുകൾ ടെണ്ടർ ഫോറത്തിൽ സാക്ഷ്യപ്പെടുത്താനും തിരുത്തലുകളുടെ എണ്ണം രേഖപ്പത്തിനും കഴിയാതെ പോയതാണെന്നുമാണ് 27.07.2021 -ലെ AE/L1 & EWD/PP/21-22 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുള്ളത്. ടെണ്ടർ തുറന്ന ഉദ്യോഗസ്ഥൻ ടെണ്ടർ ഫോറത്തിലെ തിരത്തലുകൾ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്താത്തതിനാൽ തിരുത്തലുകൾ ഓഡിറ്റ് അംഗീകരിക്കുന്നില്ല. ആയതിനാൽ ടെണ്ടർ ഫോറത്തിൽ കരാറുകാരൻ അദ്യം രേഖപ്പടുത്തിയ നിരക്ക് പ്രകാരമുള്ള ചെലവ് തുകയേക്കാൾ അധികമായി നൽകിയ തുക ഓഡിറ്റ് നിരാകരിക്കുന്നു. അധികമായി നൽകിയ തുകയുടെ വിശദാംശം താഴെ കൊടുക്കുന്നു.

1. കല്ലുമൊട്ടുംകുന്ന് 16-ാംമൈൽ 4 സെന്റ് കോളനി കയറ്റം കോൺക്രീറ്റ് പ്രവൃത്തിക്ക് അനുവദിച്ച അധിക തുക.

| | |
|---|---|
| ചെയ്ത പ്രവൃത്തികളുടെ ആകെ തുക | ₹446865/- |
| ടെണ്ടർ വ്യതിയാനം (11.6%) | ₹51836/- |
| അനുവദിക്കാമായിരുന്ന ചെലവ് തുക | ₹395029/- |
| അനുവദിച്ച തുക | ₹446865/- |
| അധികം നൽകിയ തുക (446865 - 395029) | ₹51836/- |

2. പെരിങ്ങോട്ട്കുന്ന് എസ്.ടി. കോളനി നടപ്പാത കോൺക്രീറ്റ് പ്രവൃത്തിക്ക് പ്രവൃത്തിക്ക് അനുവദിച്ച അധിക തുക.

| | |
|---|---|
| ചെയ്ത പ്രവൃത്തികളുടെ ആകെ തുക | ₹1,43,200/- |
| ടെണ്ടർ വ്യതിയാനം (8.6%) | ₹12315/- |
| അനുവദിക്കാമായിരുന്ന ചെലവ് തുക | ₹130885/- |
| അനുവദിച്ച തുക | ₹138030/- |
| അധികം നൽകിയ തുക (138030 - 130885) | ₹7145/- |

മേൽ പറഞ്ഞ അധികമായി അനുവദിച്ച തുക ടെണ്ടർ തുറന്ന ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

ഉത്തരവാദി - അബ്ദുൾ നാസർ ടി., Rtd. AE

## 1-23 വയോജനങ്ങൾക്ക് വീൽ ചെയർ വിതരണം പദ്ധതി- സർക്കാർ മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായി നടപ്പിലാക്കി. ചെലവ് തുക 201600/- രൂപ നിരാകരിക്കുന്നു

2019-20 വർഷത്തിൽ മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)നടപ്പിലാക്കിയ വയോജനങ്ങൾക്ക് വീൽ ചെയർ വിതരണം പദ്ധതി സർക്കാർ ഗുണഭോക്തൃ മാർഗ്ഗ രേഖ പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കാതെയാണ് നടപ്പിലാക്കിയിരിക്കുന്നത്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് | SO 267/19-20 (377/18-19) |

| | |
|---|---|
| നം | |
| പ്രോജക്ട് | വയോജനങ്ങൾക്ക് വീൽ ചെയർ വിതരണം |
| അടങ്കൽ | 204000 /- വികസന ഫണ്ട് പൊതു വിഭാഗം (സാധാ) |
| ചെലവ് | 201600/- |
| ബിൽ നം. | 1/19-20 തി. 29-5-2019 |

2018-19 വർഷത്തിൽ സ്പിൽ ഓവറായ മേൽ പദ്ധതി പ്രകാരം 48 വീൽ ചെയറുകൾ ഒന്നിന് 4200/- രൂപ നിരക്കിൽ ട്രെൻഡ് സർജിക്കൽസ് പ്രൈവറ്റ് ലിമിറ്റഡ് സുൽത്താൻ ബത്തേരി എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം. Bc 699 തി. 16-3-2019 പ്രകാരം വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റ്, ഗുണഭോക്താക്കളുടെ അപേക്ഷ, ഗുണഭോക്താക്കളുടെ അർഹത തെളിയിക്കുന്ന മറ്റു വിവരങ്ങൾ, ബന്ധപ്പെട്ട വിതരണ രജിസ്റ്റർ, കൈപ്പറ്റ് രശീതി, പ്രസ്തുത വാങ്ങൽ നടത്താൻ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ നിന്നുള്ള അംഗീകാരം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

സർക്കാർ പദ്ധതി മാർഗ്ഗ രേഖ സ.ഉ(കൈ) നം. 11/2018 ത.സ്വ.ഭ.വ തീ. 29-1-2018 പ്രകാരം നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതിയെക്കുറിച്ച് വ്യാപകമായ പ്രചാരണം നൽകി വിവിധ സംവിധാനങ്ങളിലൂടെ അപേക്ഷ ഫോറം വിതരണം ചെയ്ത് അർഹരായവരുടെ കരട് പട്ടിക അതത് വർക്കിംഗ് ഗ്രൂപ്പിന്റെ സഹായത്തോടെ തദ്ദേശ സ്ഥാപനം തയ്യാറാക്കണമെന്നും മുൻഗണന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകി കരട് മുൻഗണന പട്ടിക തയ്യാറാക്കി ഫീൽഡ് ലെവൽ പരിശോധനയിലൂടെ അപേക്ഷകരുടെ അർഹതയും മുൻഗണനയും രണ്ട് ഉദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ ശേഷം പരിശോധനയുടെയും സാക്ഷ്യപ്പെടുത്തലിന്റെയും അടിസ്ഥാനത്തിൽ പട്ടിക പുതുക്കി പ്രസിദ്ധീകരിച്ച് ആക്ഷേപങ്ങൾ സ്വീകരിക്കുന്നതിനായി 10 ദിവസത്തെ സമയം നൽകണമെന്നും ആക്ഷേപങ്ങൾ കണക്കിലെടുത്ത് പരിഷ്കരിച്ച പട്ടിക ഗ്രാമസഭയുടെ അംഗീകാരം വാങ്ങിയ ശേഷം ഗ്രാമസഭ കമ്മിറ്റി അംഗീകരിച്ച ലിസ്റ്റ് മുൻഗണന ക്രമം മാറ്റാതെ ഭരണ സമിതി അംഗീകരിച്ച് പ്രസ്തുത ലിസ്റ്റ് നോട്ടീസ് ബോർഡിലും വെബ്സൈറ്റിലും പ്രസിദ്ധീകരിച്ച ശേഷം നിർവ്വഹണോദ്യോഗസ്ഥന് കൈമാറണമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. ഗുണഭോക്തൃ തിരഞ്ഞെടുപ്പ് മാർഗ്ഗ രേഖ ജി.ഒ(പി )നം.220/97/ത.സ്വ.ഭ.വ തി. 02-10-1997, ജി.ഒ(പി)നം.181/98/ത.സ്വ.ഭ.വ തി. 02-09-1998 എന്നിവ പ്രകാരവും ഗുണഭോക്തൃ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മേൽ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കണമെന്ന് നിഷ്കർക്കുന്നുണ്ട് . മേൽ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങളുടെ പൂർണ്ണമായ ലംഘനമാണ് ഈ പദ്ധതി നടപ്പിലാക്കിയതിലൂടെ നടന്നിരിക്കുന്നത്.

ഗുണഭോക്തൃ ലിസ്റ്റ് ഇല്ലാതെ പദ്ധതി നടപ്പാക്കിയതിനാൽ വാങ്ങിച്ച 48 വീൽ ചെയറുകളിൽ 43 എണ്ണം ആവശ്യക്കാരെ തിരഞ്ഞ് പിടിച്ച് കണ്ടെത്തി വിതരണം ചെയ്യുകയും ബാക്കി വന്ന 5 വീൽ ചെയറുകൾ ആവശ്യക്കാരില്ലാതെ പിഎച്ച്.സിയിൽ സൂക്ഷിക്കുകയുമാണ് ചെയ്തിരിക്കുന്നത്.

മാർഗ്ഗ രേഖ പ്രകാരം ആസൂത്രണ പ്രക്രിയയിൽ അർഹരായ ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കുന്നതിനും പദ്ധതി മോണിറ്റിംഗ് നടത്തുന്നതിനും മറ്റുമായി അതത് വർക്കിംഗ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് വളരെയേറെ ഉത്തരവാദിത്വങ്ങളുണ്ട്. എന്നാൽ മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട് നടത്തിയ പരിശോധനയിൽ പദ്ധതിയുടെ ഏതെങ്കിലും ഘട്ടത്തിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പോ, ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ യാതൊരു തരത്തിലുള്ള ഇടപെടലുകളും നടത്തിയിട്ടില്ല എന്ന് ബോധ്യപ്പെട്ടു.

സാധാരണയായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ശാരീരിക വൈകല്യമുള്ളവർക്കായും , പാലിയേറ്റീവ് കെയറുമായി ബന്ധപ്പെട്ടുമാണ് ഇത്തരം പദ്ധതികൾ ആവിഷ്കരിക്കരിച്ച് നടപ്പിലാക്കാറുള്ളത് എന്നിരിക്കേ വയോജനങ്ങൾക്കായി ഇത്തരം ഒരു പ്രോജക്ട് ആസൂത്രണം ചെയ്തതിന്റെ സാംഗത്യം വ്യക്തമാക്കേണ്ടതാണ്.

സർക്കാർ മാർഗ്ഗ നിർദ്ദേശം ലംഘിച്ച് മേൽ പദ്ധതി നടപ്പിലാക്കിയതിന് ചെലവ് തുക 201600/- രൂപ നിരാകരിക്കുന്നു. (ഖണ്ഡിക 3-1 കാണുക)

<u>1-24 എസ്.സി., എസ്.ടി. വിദ്യാർത്ഥികൾക്ക് മേശയും, കസേരയും വാങ്ങൽ - സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ/ സബ്സിഡി മാർഗ്ഗരേഖ മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല.</u>

തൻവർഷത്തെ താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം വിദ്യാർത്ഥികൾക്ക് മേശയും, കസേരയും ടെണ്ടർ നടപടിയിലൂടെ വാങ്ങിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ / ഫണ്ടിനം | ചെലവ് | ബിൽ നം./ തീയ്യതി |
|---|---|---|---|---|---|
| 1 | എസ്. 0223/20 | എസ്.സി. വിദ്യാർത്ഥികൾക്ക് മേശയും, കസേരയും നൽകൽ | ₹2,50,000/-(വികസന ഫണ്ട് [എസ്.സി.പി.]) | ₹2,50,000/- | 01/19-20, 06.05.2019 |
| 2 | എസ്. | എസ്.ടി. വിദ്യാർത്ഥികൾക്ക് മേശയും | ₹3,50,000/-(വികസന ഫണ്ട് | ₹3,50,000/- | 02/19-20, |

| | | | | | |
|---|---|---|---|---|---|
| | 0305/19-20 | കസേരയും നൽകൽ | [ടി.എസ്.പി.]) | | 22.07.2019 |

മേൽ പറഞ്ഞ രണ്ട് പ്രോജക്ടുകളുടെയും ടെണ്ടർ 27.02.2019-നാണ് നടത്തിയിട്ടുള്ളത്. ടെണ്ടറുകളിലും ഒരേ സ്ഥാപനങ്ങൾ തന്നെയാണ് പങ്കെടുത്തിട്ടുള്ളത്. ഒരേ നിരക്ക് തന്നെയാണ് പ്രസ്തുത സ്ഥാപനങ്ങൾ രണ്ട് ടെണ്ടറുകളിലും രേഖപ്പെടുത്തിയിട്ടുള്ളതും. ടെണ്ടറുകളിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തെ തഴഞ്ഞ് മൂന്നാം സ്ഥാനത്തുള്ള സ്ഥാപമായ വയനാട് ഡിസ്ട്രിക്ക് ഹോൾസെയിൽ കോ-ഓപ്. കൺസ്യൂമർ സ്റ്റോർസ് ലിമിറ്റഡിന്റെ ടെണ്ടറാണ് അംഗീകരിച്ച് പർച്ചേസ് നടത്തിയിട്ടുള്ളത്. ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങൾ രേഖപ്പെടുത്തിയ നിരക്കുകൾ താഴെ കൊടുക്കുന്നു (വാങ്ങിയ ഫർണിച്ചറിന് തുല്യമായവയുടെ).

| സ്ഥാപനത്തിന്റെ പേര് | മേശയുടെ നിരക്ക് | കസേരയുടെ നിരക്ക് | മേശക്കും കസേരയ്ക്കും കൂടി ആകെ നിരക്ക് |
|---|---|---|---|
| ഫിഡ്കോ, കോഴിക്കോട് | 2642 | 2242 | 4884 |
| ASIM ഡിസൈനിംഗ് & ഇന്റീരിയേഴ്സ്, കോഴിക്കോട് | 2890 | 2183 | 5073 |
| വയനാട് ഡിസ്ട്രിക്ക് ഹോൾസെയിൽ കോ-ഓപ്. കൺസ്യൂമർ സ്റ്റോർസ് ലിമിറ്റഡ് | 3280 | 2490 | 5770 |
| പി.സി. ട്രേഡേഴ്സ്, പടിഞ്ഞാറത്തറ | 4000 | 3750 | 7750 |
| കാഡ്കോ | 3000 | 3420 | 6420 |

ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങളിൽ ഏത് സ്ഥാപനത്തിന്റെ ടെണ്ടറാണ് അംഗീകരിക്കേണ്ടത് എന്നത് സംബന്ധിച്ച നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശുപാർശ ഫയലിൽ ഇല്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ താരതമ്യ പത്രികയും ഫയലിൽ സൂക്ഷിച്ചിട്ടില്ല. പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ 01.03.2019 -ലെ തീരുമാന പ്രകാരം ടെണ്ടറിലെ മൂന്നാം സ്ഥാനക്കാരായ വയനാട് ഡിസ്ട്രിക്ക് ഹോൾസെയിൽ കോ-ഓപ്. കൺസ്യൂമർ സ്റ്റോർസ് ലിമ്റ്റഡു മായി നെഗോഷ്യേറ്റ് ചെയ്ത് മേശക്കും കസേരയ്ക്കും കൂടി ₹5000/- നിരക്കിലാണ് വാങ്ങിയിട്ടുള്ളത്. വാങ്ങിയ ഫർണിച്ചറിന്റെ മാത്രമേ ഗുണമേൻമയും പരിശോധിച്ചിട്ടുള്ളൂ. സ്റ്റോർ പർച്ചേസ് വകുപ്പിന്റെ അംഗീകാരം പ്രസ്തുത സ്ഥാപനത്തിന് മാത്രമെയുള്ളൂ എന്നതാണ് പ്രസ്തുത സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചതിനുള്ള കാരണമായി പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ മിനുട്ട്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്. സ്റ്റോർ പർച്ചേസ് വകുപ്പിന്റെ അംഗീകരമുള്ള സ്ഥപനത്തിൽ നിന്നു മാത്രമേ ഫർണിച്ചർ വാങ്ങാൻ പാടുള്ളൂ എന്ന് സ്റ്റോർ പർച്ചേസ് മാന്വലിൽ വ്യവസ്ഥ ചെയ്തിട്ടില്ല. ടെണ്ടർ പരസ്യത്തിലും അങ്ങനെ ഒരു വ്യവസ്ഥ ഉണ്ടായിരുന്നില്ല. ആയതിനാൽ സ്റ്റോർ പർച്ചേസ് വകുപ്പിന്റെ അംഗീകാരം ഇല്ല എന്നതിന്റെ അടിസ്ഥാനത്തിൽ കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ നിരസിച്ച നടപടി സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 9.18 പ്രകാരം അംഗീകരിക്കാവുന്നതല്ല. (മേൽപറഞ്ഞതിനുപുറമേ അംഗീകരിച്ച ടെണ്ടറിനെക്കാൾ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ രണ്ട് സ്ഥപനങ്ങളും തങ്ങൾക്ക് ടെണ്ടർ കൂടാതെ ഫർണിച്ചർ വിതരണം ചെയ്യാനുള്ള പർച്ചേസ് വകുപ്പിന്റെ അംഗീകാരം ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടുമുണ്ട്). പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ഭരണസമിതിയുടെയും തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് വയനാട് ജില്ലാ ഹോൾസെയിൽ കോ-ഓപ്. കൺസ്യൂമർ സ്റ്റോറിന്റെ നെഗോസിയേഷൻ നിരക്ക് അംഗീകരിച്ച് വാങ്ങൽ നടത്തിയതെന്നാണ് ഓഡിറ്റ് എൻക്വയറിക്ക് (നം. 03/2019-20/26.07.2021) അസി. സെക്രട്ടറി 28.07.2021 - ന് ലഭ്യമാക്കിയ മറുപടി. അടിസ്ഥാന രഹിതമായ കാരണത്താൽ കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ തള്ളിയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ആയതിനാൽ കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ തള്ളിയതുമൂലം ഗ്രാമപഞ്ചായത്തിന് താഴെ പറയും പ്രകാരം ₹13920/- നഷ്ടമുണ്ടയിട്ടുണ്ട്.

| | |
|---|---|
| ആകെ വാങ്ങിയ മേശയും കസേരയും | 120 എണ്ണം വിതം |
| മേശക്കും കസേരക്കും കൂടി ₹5000 നിരക്കിൽ ആകെ തുക (120 X 5000) | ₹6,00,000/- |
| മേശക്കും കസേരക്കും കൂടി ₹5000 നിരക്കിൽ ആകെ തുക (120 X 4884) | ₹5,86,080/- |
| അധികം നൽകിയ തുക | ₹13920/- |

നഷ്ടതുക നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന അസി. സെക്രട്ടറിയിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

വാങ്ങലുകളുമായി ബന്ധപ്പെട്ട മറ്റ് ന്യൂനതകൾ താഴെ പറയുന്നു.

1) 5 ലക്ഷം രൂപയിൽ മുകളിൽ വിലയുള്ള സാധനങ്ങളുടെ സമാഹരണത്തിന് ഇ-ടെണ്ടർ പാലിക്കണം എന്ന സർക്കാർ നിർദ്ദേശം (ജി.ഒ.(എം.എസ്)നം. 13/2015/ഐ.ടി.ഡി. തീയതി 12.05.2015) പാലിക്കാതെ രണ്ട് പ്രോജക്ടുകളിൽ ഉൾപ്പെട്ട 6 ലക്ഷം രൂപ വിലവരുന്ന ഒരേ ഇനം ഫർണിച്ചർ വാങ്ങുന്നതിന് പ്രത്യേകം ടെണ്ടർ നടത്തി. ഇ-ടെണ്ടർ നടത്താത്തത് വിവിധ പ്രോജക്ടും വിവിധ ഫണ്ടും ആയതിനാലാണ് എന്ന് ലഭ്യമാക്കി മറുപടി അംഗീകരിക്കാവുന്നതല്ല. ഒരേ തരത്തിലുള്ള വസ്തുക്കൾ വാങ്ങുന്നതിന് വ്യത്യസ്ത ടെണ്ടർ നടത്തുന്നത് സ്റ്റോർ പർച്ചേസ് (മാന്വൽ ഖണ്ഡിക 7.33) ചട്ടങ്ങൾക്ക് വിരുദ്ധമാണ്.

2) മേൽ പറഞ്ഞ ഒന്നാമത്തെ പ്രോജക്റ്റ് പ്രകാരം 50 മേശയും കസേരയുമാണ് വാങ്ങിയിട്ടുള്ളത്. എന്നാൽ 47 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത രേഖയാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളൂ. ഇതിൽ ഫർണിച്ചർ കൈപ്പറ്റിയ ഒരു ഗുണഭോക്താവായ അപർണ്ണ കെ.എസ്. ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ പെടാത്ത വ്യക്തിയാണ്.

3) രണ്ടാമത്തെ പ്രോജക്റ്റ് പ്രകാരം 70 മേശയും കസേരയുമാണ് വാങ്ങിയിട്ടുള്ളത്. എന്നാൽ 90 ഗുണഭോക്താക്കൾ ഫർണിച്ചർ കൈപ്പറ്റിയ രേഖയാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്. ഓപ്പിട്ടതിൽ വന്ന തെറ്റാണെന്നാണ് മേൽ പറഞ്ഞ ന്യൂനതകൾക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ആയത് അംഗീകരിക്കാവുന്നതല്ല. കൃത്യമായ വിതരണ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

4) സ്കൂൾ വഴിയല്ല ഫർണിച്ചർ വിതരണം നടത്തിയിട്ടുള്ളത് (സബ്സിഡി മാർഗ്ഗരേഖ (സ.ഉ.(കൈ)നം. 22/2018/തസ്വഭവ തീയതി 14.02.2018) പ്രകാരം സ്കൂൾ വഴിയാണ് വിതരണം നടത്തേണ്ടത്). നിർവ്വഹണ ഉദ്യോഗസ്ഥൻ അസി. സെക്രട്ടറി ആയതിനാലാണ് മാർഗ്ഗരേഖ മാനദണ്ഡം പാലിക്കാത്തതെന്ന മറുപടി അംഗീകരിക്കാവുന്നതല്ല.

5) പ്രസ്തുത പ്രോജക്ടുകളിലെ ഗുണഭോക്താക്കൾക്ക് പഠനകാലയളവിൽ മുമ്പ് ഫർണിച്ചർ ലഭിച്ചിട്ടില്ല എന്നതിന് രേഖ ഹാജരാക്കിയിട്ടില്ല. മാർഗ്ഗരേഖ മാനദണ്ഡപ്രകാരമുള്ള പ്രസ്തുത രേഖ ലഭ്യമാക്കേണ്ടതാണ്.

വിതരണത്തിലെ മേൽപറഞ്ഞ ന്യൂനതകൾ കാരണം അർഹരായ ഗുണഭോക്താക്കൾക്ക് തന്നെയാണോ മേശയും കസേരയും ലഭിച്ചിട്ടുള്ളത് എന്ന് വ്യക്തമല്ല. ആയതിനാൽ മേൽ നിരാകരിച്ച തുക കഴിച്ച് ബാക്കി ചെലവ് തുകയായ ₹5,86,080/- (600000 - 13920) ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-25 നെൽവിത്ത് വിതരണം - ഗുണഭോക്തൃവിഹിതം നാളിതു വരെയായി തിരികെ നൽകിയിട്ടില്ല

കൃഷി ഓഫീസർ 2019 – 20 ൽ നടപ്പാക്കിയ നെൽവിത്ത് സബ്സിഡി എന്ന പദ്ധതിക്ക് പിരിച്ചെടുത്ത ഗുണഭോക്തൃവിഹിതം 20.07.2019 ന് 23009 /- രൂപയും, 24.07.2019 ന് 45,311/ - രൂപയും പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ടെങ്കിലും നാളിതു വരെയായിട്ടും തുക തിരികെ നൽകിയിട്ടില്ല. കൃഷി ഓഫീസറുടെ 30.01.2020ലെ കെ.ബി.പി. 19/19-20 നമ്പർ കത്ത് പ്രകാരം തുക ആവശ്യപ്പെട്ടിരുന്നെങ്കിലും തുക നൽകിയിട്ടില്ല. ഗുണഭോക്തൃ വിഹിതം തിരികെ നൽകാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (21/2019 – 20 /01.08.2021 )മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്.

## 1-26 എസ്.സി കുടുംബശ്രീകൾക്ക് കാട് വെട്ട യന്ത്രം നൽകൽ -പദ്ധതി ഫയൽ ഹാജരാക്കിയില്ല

തൻവർഷ ചെലവ് പത്രികയിൽ കൃഷി ഓഫീസർ നടപ്പാക്കിയ എസ്.സി കുടുംബശ്രീകൾക്ക് കാട് വെട്ട യന്ത്രം നൽകൽ എന്ന സ്പിൽ ഓവർ പദ്ധതിക്ക് ( പ്രോജക്ട് നമ്പർ – 270 ) വികസനഫണ്ടിൽ ( Scp ) നിന്നും 340200/- രൂപ ചെലവുണ്ട്. ട്രഷറിയിൽ നിന്നും ബിൽ നമ്പർ 1/20-21/ 31.05.2020 മുഖേന തുക പിൻവലിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് കേസ് നിലവിലുള്ളതിനാൽ ഫയൽ വിജിലൻസിന്റെ കൈവശം ആയതിനാൽ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പദ്ധതിയുടെ ഫയൽ ഹാജരാക്കുന്നതിലേക്കായി ചെലവ് തുക 340200/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-27 അങ്കണവാടി പോഷകാഹാരം -ഗുണനിലവാരം ഉറപ്പു വരുത്താതെ അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്തു.

2019-20 വർഷം അങ്കണവാടി പോഷകാഹാര വിതരണ പദ്ധ ക്കായി ഐ.സി.ഡി.എസ് സൂപ്പർഅങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതി (ജനറൽ)ക്കായി 15,64,152/-രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിൽ യഥാക്രമം രൂപയും 3,61,694/- രൂപയും ചെലവഴിച്ചിരിക്കുന്നത് ഒരുമ അമൃതം ഫുഡ് സപ്ളിമെന്റ് , പുതുശ്ശേരിക്കടവ് , പടിഞ്ഞാറത്തറ നിന്നും അമൃതം ഫുഡ് സപ്ളിമെന്റ് വാങ്ങുന്നതിനായാണ്. എന്നാൽ ലാബ് ടെസ്റ്റ് നടത്തി ഗുണനിലവാരം ഉറപ്പുവരുത്താതെയാണ് അങ്കണവാടികളിൽ ഇതിന്റെ വിതരണം നടന്നിരിക്കുന്നത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം. | 172/19-20 |
| പ്രൊജക്ടിന്റെ പേര് | അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതി (ജനറൽ) |
| നിർവ്വഹണം | എെ.സി.ഡി.എസ്. സൂപ്പർവൈസർ |
| ഫണ്ട് | 1027083/-വികസന ഫണ്ട് (പൊതുവിഭാഗം- സാധാ)<br>700,000/- കേന്ദ്രാവിഷ്കൃത ഫണ്ട്<br>22917/- തനത് ഫണ്ട് |
| അടങ്കൽ (₹) | 17,50,000/- |
| ചെലവ് (₹) | 15,64,152/- |

കേന്ദ്ര ഗവൺമെൻറ് പദ്ധതിയായ ടേക്ക് ഹോം റേഷൻ സ്ട്രാറ്റജി (ടി.എച്ച്.ആർ.എസ്) പ്രകാരം കേരള സർക്കാരിനു കീഴിൽ സാമൂഹ്യക്ഷേമ വകുപ്പിന്റെ സഹായത്തോടെ ആറ് മാസം മുതൽ മൂന്നു വയസുവരെയുള്ള കുട്ടികൾക്ക് അങ്കണവാടികൾ വഴി വിതരണം ചെയ്യുന്ന പോഷകാഹാരമാണ് അമൃതം ന്യൂട്രിമിക്സ്. കുടുംബശ്രീയുടെ വിദഗ്ധ പരിശീനം നേടിയ അമൃതം ഫുഡ് സപ്ളിമെൻറ് യൂണിറ്റുകളാണ് ഈ പോഷകാഹാരം തയ്യാറാക്കുന്നത്. 22.09.2014 -ലെ സ.ഉ (സാധാ) നം. 587/2014/സാ.നീ.വ പ്രകാരം കുടുംബശ്രീ ന്യൂട്രിമിക്സ് നിർമ്മാണ യൂണിറ്റുകൾ ഉൽപ്പാദിപ്പിച്ച് അങ്കണവാടികളിൽ വിതരണം ചെയ്യുന്ന അമൃതം ന്യൂട്രിമിക്സിന്റെ നിർമ്മാണം സംബന്ധിച്ച് സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രോസീജിയർ പ്രകാരം ലാബ് ടെസ്റ്റ് നടത്തി ഗുണമേൻമ ഉറപ്പു വരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട് . സംയോജിത ശിശു വികസന സേവന പദ്ധതിയുടെ ഭാഗമായി അങ്കണവാടികൾ ഓരോ രണ്ടുമാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റെയും സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാനും ലാബ് ടെസ്റ്റുകളുടെ പരിശോധനാ ഫലം തൃപ്തികരമാണെങ്കിൽ മാത്രം ഭക്ഷ്യ മിശ്രിതത്തിന്റെ വില മുതലായവ ന്യൂട്രിമിക്സ് യൂണിറ്റുകൾക്ക് നല്കിയാൽ മതിയെന്നും സാമൂഹ്യക്ഷേമ ഡയറക്ടർ നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ, ഗ്രാമ പഞ്ചായത്തിൽ ഐ. സി. ഡി. എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തി യിരിക്കുന്ന അങ്കണവാടി പോഷകാഹാര വിതരണ പദ്ധതിയിൽ പോഷകാഹാരത്തിന്റെ സാമ്പിളുകൾ പരിശോധനയ്ക്ക് വിധേയമാക്കിയതായി കാണുന്നില്ല. ഗുണനിലവാരം ഉറപ്പു വരുത്താതെയാണ് അമൃതം ന്യൂട്രിമിക്സ് വാങ്ങി പഞ്ചായത്തിലെ അങ്കണവാടികൾ വഴി കുട്ടികൾക്ക് വിതരണം ചെയ്തിരിക്കുന്നത്. അപാകതയ്ക്കുള്ള കാരണം വിശദീകരിക്കേണ്ടതാണ്.

## 1-28 രേഖകൾ ഹാജരാക്കാത്തതിനാൽ ₹50,93,829/- ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

26.07.2021 -ലെ ഓഡിറ്റ് റിക്വസിഷൻ പ്രകാരം ആവശ്യപ്പെട്ട രേഖകളിൽ താഴെ പറയുന്ന പ്രോജക്ടുകളുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ടിന്റെ നമ്പർ, പേര് | അടങ്കൽ, ഫണ്ട് | ചെലവ് തുക | ട്രഷറി ബിൽ/ചെക്ക് നമ്പർ, തീയതി |
|---|---|---|---|---|
| 1 | എസ്.0061/20, ഐ.കെ.എം. വിഹിതം | ₹1,00,000/-<br>വികസന ഫണ്ട് | ₹92,497/- | 19/19-20, 24.09.2019 |
| 2 | എസ്.0067/20, വാട്ടർ അതോറിറ്റിയിൽ തുക അടവാക്കൽ | ₹11,00,000/-<br>(സംരക്ഷണ ഗ്രാന്റ് - 10,00,000, തനത് ഫണ്ട് - 1,00,000) | ₹91,438/-<br>₹4,57,190/-<br>₹182,876/-<br>₹182,876/-<br>₹91,438/-<br>(തനത് ഫണ്ട്) | 31/19-20, 11.12.2019<br>20/19-20, 30.09.2019<br>23/19-20, 25.10.2019<br>42/19-20, 21.01.2020<br>5067034/02.03.2020 |
| 3 | എസ്.0067/20, തണൽ ഭവന നിർമ്മാണ പദ്ധതി | ₹20,00,000/-<br>വികസന ഫണ്ട് | ₹20,00,000/- | 16/19-20, 24.09.2019 |
| 4 | എസ്.0070/20, ഇല്യത പഠിതാക്കൾക്ക് സഹായം | ₹20,000/- തനത് ഫണ്ട് | ₹17,050/- | 5067037/ 10.03.2020 |
| 5 | എസ്.0221/20, ഒന്നാം വാർഡിൽ വാട്ടർ ഹൗസ് കണക്ഷൻ സബ്സിഡി | ₹2,30,000/-<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ₹20,000/- | 60/19-20, 31.02.2020 |
| 6 | എസ്.0224/20, പഞ്ചായത്ത് ഓഫീസിലേക്ക് ഫർണിച്ചർ | ₹48,000/-<br>തനത് ഫണ്ട് | ₹48,000/- | 131643/26.02.2020 |
| 7 | എസ്.0268/20, പകൽ വീടിന് മേശയും കസേരയും | ₹80,750/-<br>(വികസന ഫണ്ട് - 80,147/-, തനത് ഫണ്ട്- 603/-) | ₹56,250/- | 01/19-20, 14.05.2019 |
| 8 | എസ്.0269/20, വയോജനങ്ങൾക്ക് കട്ടിൽ വിതരണം | ₹4,01,870/-<br>(വികസന ഫണ്ട് - 4,00,000/-, തനത് ഫണ്ട്-1870/-) | ₹4,00,000/- | 02/19-20, 14.05.2019 |
| 9 | എസ്.0274/20, ഗ്രാമപഞ്ചായത്തിന് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ | ₹3,88,300/-<br>(വികസന ഫണ്ട് - 88,300/-, തനത് ഫണ്ട്- 3,00,000/- ) | ₹41,000/-<br>₹29,028/-<br>(തനത് ഫണ്ട്) | 03/19-20, 14.05.2019<br>5067001/08.07.2019 |
| 10 | എസ്.0289/20, പദ്ധതി നിർവ്വഹണം രൂപീകരണം മോണിറ്ററിംഗ് | ₹32,528/-<br>(വികസന ഫണ്ട് -32188, തനത് ഫണ്ട് - 340) | ₹32,188/- | 04/19-20, 14.05.2019 |
| 11 | എസ്.0296/20, വാട്ടർ അതോറിറ്റിയിൽ ബിൽ അടവാക്കൽ | ₹3,61,875/-<br>(സംരക്ഷണ ഗ്രാന്റ്) | ₹3,59,189/- | 21/19-20, 30.09.2019 |
| 12 | എസ്.0301/20, ഹരിത കർമ്മസേന പ്രവർത്തനങ്ങൾ (വയബിലിറ്റി ഫണ്ട്) | ₹4,80,800/-<br>(വികസന ഫണ്ട് - 355800/-, തനത് ഫണ്ട് - 125000) | ₹7200/-<br>₹78,975/-<br>₹2,28,846/-<br>₹1,24,963/-<br>(തനത് ഫണ്ട്) | 25/19-20, 25.10.2019<br>26/19-20, 25.10.2019<br>39/19-20, 21.01.2020<br>5067015/ 26.11.2019 |
| 13 | എസ്.0375/20, സാമൂഹ്യ സുരക്ഷമിഷന് വിഹിതം | ₹3,00,000/-<br>വികസന ഫണ്ട് | ₹3,00,000/- | 18/19-20, 24.09.2019 |
| 14 | എസ്.0390/20, ആർദ്രം പദ്ധതി - ഡോക്ടർ, നേഴ്സ് വേതനം | ₹5,20,000/-<br>വികസന ഫണ്ട് | ₹48,880/-<br>₹86,780/-<br>₹86,780/-<br>₹30,385/- | 24/19-20, 25.10.2019<br>41/19-20, 21.01.2020<br>44/19-20, 27.02.2020<br>45/19-20, 03.03.2020 |
| ആകെ ചെലവ് തുക | | | ₹50,93,829/- | |

രേഖകൾ ഹാജരാക്കാത്തത് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 24 /2019-20/02.08.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത പ്രോജക്ടുകളുടെ ആകെ ചെലവ് തുക ₹50,93,829/- ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12(2) അനുസരിച്ചുള്ള തുടർ നടപടികൾ സ്വീകരിക്കാതിരിക്കാൻ കരണം ഉണ്ടെങ്കിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 വയോജനങ്ങൾക്ക് വീൽചെയർ വിതരണം- സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ ലംഘിച്ച് പദ്ധതി നടപ്പിലാക്കി - ചെലവ് തുക നിരാകരിക്കുന്നു.

2019-20 വർഷത്തിൽ മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)നടപ്പിലാക്കിയ വയോജനങ്ങൾക്ക് വീൽ ചെയർ വിതരണം പദ്ധതി സർക്കാർ ഗുണഭോക്തൃ മാർഗ്ഗ രേഖ പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കാതെയാണ് നടപ്പിലാക്കിയിരിക്കുന്നത്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം | SO 267/19-20 (377/18-19) |
| പ്രോജക്ട് | വയോജനങ്ങൾക്ക് വീൽ ചെയർ വിതരണം |
| അടങ്കൽ | 204000 /- വികസന ഫണ്ട് പൊതു വിഭാഗം (സാധാ) |
| ചെലവ് | 201600/- |
| ബിൽ നം. | 1/19-20 തി. 29-5-2019 |

2018-19 വർഷത്തിൽ സ്പിൽ ഓവറായ മേൽ പദ്ധതി പ്രകാരം 48 വീൽ ചെയറുകൾ ഒന്നിന് 4200/- രൂപ നിരക്കിൽ ടെൻഡ് സർജിക്കൽസ് പ്രൈവറ്റ് ലിമിറ്റഡ് സുൽത്താൻ ബത്തേരി എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം. Bc 699 തി. 16-3-2019 പ്രകാരം വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റ്, ഗുണഭോക്താക്കളുടെ അപേക്ഷ, ഗുണഭോക്താക്കളുടെ അർഹത തെളിയിക്കുന്ന മറ്റു വിവരങ്ങൾ, ബന്ധപ്പെട്ട വിതരണ രജിസ്റ്റർ, കൈപ്പറ്റ് രശീതി, പ്രസ്തുത വാങ്ങൽ നടത്താൻ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ നിന്നുള്ള അംഗീകാരം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

സർക്കാർ പദ്ധതി മാർഗ്ഗ രേഖ സ.ഉ(കൈ) നം. 11/2018 ത.സ്വ.ഭ.വ തീ. 29-1-2018 പ്രകാരം നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതിയെക്കുറിച്ച് വ്യാപകമായ പ്രചാരണം നൽകി വിവിധ സംവിധാനങ്ങളിലൂടെ അപേക്ഷ ഫോറം വിതരണം ചെയ്ത് അർഹരായവരുടെ കരട് പട്ടിക അതത് വർക്കിംഗ് ഗ്രൂപ്പിന്റെ സഹായത്തോടെ തദ്ദേശ സ്ഥാപനം തയ്യാറാക്കണമെന്നും മുൻഗണന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകി കരട് മുൻഗണന പട്ടിക തയ്യാറാക്കി ഫീൽഡ് ലെവൽ പരിശോധനയിലൂടെ അപേക്ഷകരുടെ അർഹതയും മുൻഗണനയും രണ്ട് ഉദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ ശേഷം പരിശോധനയുടെയും സാക്ഷ്യപ്പെടുത്തലിന്റെയും അടിസ്ഥാനത്തിൽ പട്ടിക പുതുക്കി പ്രസിദ്ധീകരിച്ച് ആക്ഷേപങ്ങൾ സ്വീകരിക്കുന്നതിനായി 10 ദിവസത്തെ സമയം നൽകണമെന്നും ആക്ഷേപങ്ങൾ കണക്കിലെടുത്ത് പരിഷ്കരിച്ച പട്ടിക ഗ്രാമസഭയുടെ അംഗീകാരം വാങ്ങിയ ശേഷം ഗ്രാമസഭ കമ്മിറ്റി അംഗീകരിച്ച ലിസ്റ്റ് മുൻഗണന ക്രമം മാറ്റാതെ ഭരണ സമിതി അംഗീകരിച്ച് പ്രസ്തുത ലിസ്റ്റ് നോട്ടീസ് ബോർഡിലും വെബ്സൈറ്റിലും പ്രസിദ്ധീകരിച്ച ശേഷം നിർവ്വഹണോദ്യോഗസ്ഥന് കൈമാറണമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. ഗുണഭോക്തൃ തിരഞ്ഞെടുപ്പ് മാർഗ്ഗ രേഖ ജി.ഒ(പി )നം.220/97/ത.സ്വ.ഭ.വ തി. 02-10-1997, ജി.ഒ(പി)നം.181/98/ത.സ്വ.ഭ.വ തി. 02-09-1998 എന്നിവ പ്രകാരവും ഗുണഭോക്തൃ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മേൽ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട് . മേൽ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങളുടെ പൂർണ്ണമായ ലംഘനമാണ് ഈ പദ്ധതി നടപ്പിലാക്കിയതിലൂടെ നടന്നിരിക്കുന്നത്.

ഗുണഭോക്തൃ ലിസ്റ്റ് ഇല്ലാതെ പദ്ധതി നടപ്പാക്കിയതിനാൽ വാങ്ങിച്ച 48 വീൽ ചെയറുകളിൽ 43 എണ്ണം ആവശ്യക്കാരെ തിരഞ്ഞ് പിടിച്ച് കണ്ടെത്തി വിതരണം ചെയ്യുകയും ബാക്കി വന്ന 5 വീൽ ചെയറുകൾ ആവശ്യക്കാരില്ലാതെ പിഎച്ച്.സിയിൽ സൂക്ഷിക്കുകയുമാണ് ചെയ്തിരിക്കുന്നത്.

മാർഗ്ഗ രേഖ പ്രകാരം ആസൂത്രണ പ്രക്രിയയിൽ അർഹരായ ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കുന്നതിനും പദ്ധതി മോണിറ്ററിംഗ് നടത്തുന്നതിനും മറ്റുമായി അതത് വർക്കിംഗ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് വളരെയേറെ ഉത്തരവാദിത്വങ്ങളുണ്ട്. എന്നാൽ മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട് നടത്തിയ പരിശോധനയിൽ പദ്ധതിയുടെ ഏതെങ്കിലും ഘട്ടത്തിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പോ, ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ യാതൊരു തരത്തിലുള്ള ഇടപെടലുകളും നടത്തിയിട്ടില്ല എന്ന് ബോധ്യപ്പെട്ടു.

സാധാരണയായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ശാരീരിക വൈകല്യമുള്ളവർക്കായും , പാലിയേറ്റീവ് കെയറുമായി ബന്ധപ്പെട്ടുമാണ് ഇത്തരം പദ്ധതികൾ ആവിഷ്കരിക്കരിച്ച് നടപ്പിലാക്കാറുള്ളത് എന്നിരിക്കേ വയോജനങ്ങൾക്കായി ഇത്തരം ഒരു പ്രോജക്ട് ആസൂത്രണം ചെയ്തതിന്റെ സാംഗത്യം വ്യക്തമാവുന്നില്ല.

സർക്കാർ മാർഗ്ഗ നിർദ്ദേശം ലംഘിച്ച് മേൽ പദ്ധതി നടപ്പിലാക്കിയതിന് ചെലവ് തുക 201600/- രൂപ നിരാകരിക്കുന്നു. ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും തുക തിരിച്ച് പിടിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 മെമ്മോ ഓഫ് പേയ്മെന്റ് തയ്യാറാക്കിയതിലെ ന്യൂനത കരണം ആധിക തുക നൽകി.

അസി. എഞ്ചിനീയർ നടപ്പിലാക്കിയ മില്ല് മുക്ക് ബസ് വെയ്റ്റിംഗ് ഷെഡ് നിർമ്മാണം എന്ന പ്രവൃത്തിയുടെ മെമ്മോ ഓഫ് പേയ്മെന്റ് തയ്യാറാക്കിയപ്പോൾ പ്രവൃത്തി മൂല്യം തെറ്റായി രേഖപ്പെടുത്തിയതുമൂലം ₹6000/- അധികം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്. 0280/20 |
| അടങ്കൽ | ₹1,00,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ്, ട്രഷറി ബിൽ നം., തീയതി | ₹79396/-, 08/2019-20, 11.07.2019 |
| കരാർ നമ്പർ, തീയതി | AE/LSGD/PP/11/18-19, 30.08.2018 |
| കരാറുകരൻ | ശ്രീ. എസ്. പ്രഭാകരൻ |
| അളവ് പുസ്തകത്തിന്റെ നമ്പർ | 228/18-19 (പേജുകൾ 1-21`) |

അളവ് പുസ്തകത്തിലെ പേജ് നമ്പർ 20 പ്രകാരം പ്രവൃത്തി മൂല്യം ₹73,396/- ആണ്. എന്നാൽ പേജ് നമ്പർ 21 -ൽ തയ്യാറാക്കിയ മെമ്മോ ഓഫ് പേയ്മെന്റിൽ പ്രവൃത്തി മൂല്യം ₹79,396/- എന്ന് തെറ്റായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അളവ് പുസ്തകത്തിലെ മെമ്മോ ഓഫ് പേയ്മെന്റിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തിയുടെ ബിൽ തയ്യാറാക്കി തുക അനുവദിച്ചതിനാൽ ₹6000/- (79,396 - 73,396 ) നഷ്ടം ഉണ്ടായിട്ടുണ്ട്. 26.07.2021 ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 04/2019-20) മറുപടിയായി അധികമായി തുക പ്രസ്തുത ഫണ്ടിലേക്ക് തിരിച്ചടയ്ക്കുന്നതാണ് എന്ന് 27.07.2021 -ലെ AE/L1 & EWD/PP/20-21 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന് ഉണ്ടായ നഷ്ടം ₹6000/- മെമ്മോ ഓഫ് പേയ്മെന്റ് തയ്യാറാക്കിയ അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-3 ടെണ്ടർ വ്യതിയാനം കുറവ് ചെയ്യാതെ പ്രവൃത്തി മൂല്യം കണക്കാക്കി.

അസി. എഞ്ചിനീയർ നടപ്പിലാക്കിയ ഇല്ലിമുക്ക് കാലപ്പള്ളി റോഡ് കോൺക്രീറ്റ് എന്ന പ്രവൃത്തിയുടെ ടെണ്ടറിൽ രണ്ട് കരാറുകാരാണ് പങ്കെടുത്തിട്ടുള്ളത്. ഇതിൽ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 8.6% കുറവ് രേഖപ്പെടുത്തിയ ശ്രീ. മുഹമ്മദ് ജിൻഷാദ് എന്ന കരാറുകരന്റെ ടെണ്ടറാണ് അംഗീകരിച്ച് പ്രവൃത്തി ഏൽപ്പിച്ചിട്ടുള്ളത് (2019-20 ടെണ്ടർ രജിസ്റ്റർ പേജ് നമ്പർ 21). പ്രവൃത്തി പൂർത്തിയാക്കിയതിന്റെ അടിസ്ഥാനത്തിൽ ബിൽ തുക അനുവദിച്ചപ്പോൾ ടെണ്ടർ വ്യതിയാനം കുറവ് ചെയ്യാതെ പ്രവൃത്തി മൂല്യം കണക്കാക്കിയതിനാൽ ₹20738/- അധികം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്. 0105/20 |
| അടങ്കൽ | ₹2,50,000/- (സംരക്ഷണ ഗ്രാന്റ്) |
| ചെലവ്, ട്രഷറി ബിൽ നം., തീയതി | ₹241141/-, 51/2019-20, 14.03.2020 |
| കരാർ നമ്പർ, തീയതി | AE/LSGD/PP/62/19-20, 18.11.2019 |
| അളവ് പുസ്തകത്തിന്റെ നമ്പർ | 110/19-20 (പേജുകൾ 1-8) |

അളവ് പുസ്തകത്തിലെ പേജ് നമ്പർ 7 പ്രകാരം ചെയ്ത പ്രവൃത്തികളുടെ ആകെ തുക ₹2,15,304.68 ആണ്. ആയതിൽ നിന്നും 8.6% ടെണ്ടർ വ്യതിയാനം കുറവ് ചെയ്ത് അതിനോട് 12% തുക ജി.എസ്.ടി. കൂടി കൂട്ടിയായിരുന്നു പ്രവൃത്തി മൂല്യം കണക്കാക്കേണ്ടിയിരുന്നത്. എന്നാൽ ടെണ്ടർ വ്യതിയാനം കുറവ് ചെയ്യതെ അളവ് പുസ്തകത്തിൽ നിർണ്ണയിച്ച പ്രവൃത്തി മൂല്യത്തിന്റെ അടിസ്ഥാനത്തിലാണ് പ്രവൃത്തിയുടെ ബിൽ തയ്യാറാക്കി തുക അനുവദിച്ചിട്ടുള്ളത്.

| | അളവ് പുസ്തകത്തിൽ നിർണ്ണയിച്ച പ്രവൃത്തി മൂല്യം | യഥാർത്ഥത്തിൽ നിർണ്ണയിക്കേണ്ടിയിരുന്ന പ്രവൃത്തി മൂല്യം |
|---|---|---|
| ചെയ്ത പ്രവൃത്തികളുടെ ആകെ തുക | 2,15,304.68 | 2,15,304.68 |
| ടെണ്ടർ വ്യതിയാനം 8.6% | -- | 18516.2 |
| ടെണ്ടർ വ്യതിയാനം കുറവ് ചെയ്ത ശേഷം ബാക്കി തുക | -- | 196788.48 |
| ജി.എസ്.ടി. 12% | 25836.54 | 23614.62 |
| പ്രവൃത്തി മൂല്യം | 2,41,141.24 | 2,20,403.1 |

അധിക ചെലവ് (2,41,141 - 2,20,403) = ₹20738/-.

26.07.2021 ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 05/2019-20) മറുപടിയായി അധികമായി തുക കരാറുകരനിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ഫണ്ടിലേക്ക് തിരിച്ചടച്ച് അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കുന്നതാണ് എന്ന് 27.07.2021 -ലെ AE/L1 & EWD/PP/21-22 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. ടെണ്ടർ വ്യതിയാനം കുറവ് ചെയ്യാതെ പ്രവൃത്തി മൂല്യം കണക്കാക്കിയതുമൂലം ഗ്രാമപഞ്ചായത്തിന് ഉണ്ടായ നഷ്ടം ₹20738/- മെമ്മോ ഓഫ് പേയ്മെന്റ് തയ്യാറാക്കിയ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -4

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | | |

## 4-2 സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിന് വായ്പയിനത്തിൽ 1132400/- രൂപ വരവുണ്ട്. മുൻ ബാക്കി 10050426/- രൂപയടക്കം 27374426/- രൂപയിൽ 21290000/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി KURDFC | | 1132400 | 31276600 | 3058823 | 0 | 39541777 |
| തണൽ ഭവന പദ്ധത് | | | | 2000000 | 216415 | 9632996 |

.

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 29,45,175 |
| തൻവർഷം നിക്ഷേപിച്ച തുക | 1,95,645 |
| | |

| | |
|---|---|
| ആകെ | 31,40,820 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3140820 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 10-01-2020 | 6 മാസം | 2542072 | |
| 2 | ഡിസ്തിക്ട് കോ-ഓപ്പറേറ്റീവ് ബാങ്ക് | 10-05-2019 | 24 മാസം | 598748 | |
| ആകെ | | | | 3140820 | |

## <u>4-7 ഓഡിറ്റ് റിക്കവറി</u>

ഇല്ല

## <u>4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ</u>

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 27 | 02-03 | 12(8) li | മണൽ ലേലം | തുക ഇൗടാക്കിയിട്ടില്ല |
| 1997-98 | 37 | 02-03 | VIII | മണൽ വിൽപ്പന | -ടി- |
| 1997-98 | 27 | 03-04 | 3(12)(2) | മണൽ ലേലം | -ടി- |
| 1997-98 | 14 | 03-04 | 3(12)(5) | ടെണ്ടർ- തുക അധികം നൽകി | -ടി- |
| 1997-98 | -- | 03-04 | 3(12)(5) | പ്രതിഫലം അധികം നൽകിയത് | -ടി- |
| 1999-2000 | .. | 03-04 | 3(12)(5) | ടാർ വില | -ടി- |
| 2016-17 | 2-7 | 2017-18 | 1.12.8 | റിസോർട്ടുകൾക്ക് കെട്ടിട പെർമ്മിറ്റ് നൽകിയതി ലെയും വസ്തുനികുതി നിർണ്ണയി ച്ചതിലെയും അപാകതകൾ | നടപടി എടുത്തിട്ടില്ല |

## <u>4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം</u>

<u>(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക</u>

ഇല്ല

<u>(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക</u>

ഇല്ല

## <u>4-10 ഓഡിറ്റ് പ്രത്യവലോകനം</u>

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 10,43,45,266 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 10,49,66,595 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2,28,338 |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 62,19,941 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 2,01,600 | ഡോ.ഹസീന കരീം, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-2 | | 6,000 | സജി കുഞ്ഞിമോൻ, അസി. എഞ്ചിനീയർ |
| 3-3 | | 20,738 | സജി കുഞ്ഞിമോൻ, അസി. എഞ്ചിനീയർ |
| | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 5,40,032 | പ്രശാന്ത് കുമാർ,അസി. സെക്രട്ടറി |
| 1-24 | 5,86,080 | പ്രശാന്ത് കുമാർ,അസി. സെക്രട്ടറി |
| 1-28 | 50,93,829 | മിനി.കെ.എ),സെക്രട്ടറി |
| ആകെ | 62,19,941 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഇല്ല | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.ഹസീന കരീം മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഫാമിലി ഹെൽത്ത് സെന്റർ, കുന്ദമംഗലം പി.ഒ, കോഴിക്കോട് | ലഭ്യമാക്കിയിട്ടില്ല |
| സജി കുഞ്ഞിമോൻ, അസി. എഞ്ചിനീയർ | ലഭ്യമാക്കിയിട്ടില്ല | സജി മന്ദിരം, വലിയോബ്.പി.ഒ, കൊട്ടാരക്കര, കൊല്ലം |
| മിനി.കെ.എ), സെക്രട്ടറി | ലഭ്യമാക്കിയിട്ടില്ല | നാപ്പള്ളി വീട്, കണിയാമ്പറ്റ പി.ഒ, കണിയാമ്പറ്റ |
| പ്രശാന്ത് | ലഭ്യമാക്കിയിട്ടില്ല | ട്രജി വീട്, കാട്ടിൽ |

| | | | |
|---|---|---|---|
| കുമാർ, അസി. സെക്രട്ടറി | | പറമ്പത്ത്, വേങ്ങേരി, കോഴിക്കോട്. | |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.ഡബ്ല്യൂ. പി.3-156/02/6/11/08 |
| 1998-99 | എൽ.എഫ്.ഡബ്ല്യൂ. പി.3-321/01/06.08/2019 |
| 1999-00 | എൽ.എഫ്.ഡബ്ല്യൂ. പി.1-1077/08 (8)തീ. 6/11/08 |
| 2000-01 | എൽ.എഫ്.ഡബ്ല്യൂ. പി.1-558/04/06.08.2019 |
| 2001-02പ്ലാൻ | എൽ.എഫ്.ഡബ്ല്യൂ. പി.1-281/06/06.08.2019 |
| 2002-03 | എൽ.എഫ്.ഡബ്ല്യൂ. പി.7-309/09 തീ. 12/2/08 |
| 2003-04 | എൽ.എഫ്.ഡബ്ല്യൂ. പി.7-127/08 തീ. 4/3/08 |
| 2004-05 | എൽ.എഫ്.ഡബ്ല്യൂ. പി.7-145/08/06.08.2019 |
| 2005-06 | എൽ.എഫ്.ഡബ്ല്യൂ. പി.7- 144/08/06.08.2019 |
| 2006-07 | എൽ.എഫ്.ഡബ്ല്യൂ. പി.1-368/1309 തീ. 18.7.2014 |
| 2007-08 | എൽ.എഫ്.ഡബ്ല്യൂ. പി.1-327/13 തീ. 3/7/2013 |
| 2008-09 | എൽ.എഫ്.ഡബ്ല്യൂ. പി.1-328/13 തീ.30/5/2013 |
| 2009/10 | എൽ.എഫ്.ഡബ്ല്യൂ. പി.1-329/13/ തീ.31/7/2013 |
| 2010-11 | എൽ.എഫ്.ഡബ്ല്യൂ. പി.1-9/13 തീ.3/4/2014 |
| 2011-12 | എൽ.എഫ്.ഡബ്ല്യൂ. പി.1-257/14 തീ. 7/7/14 |
| 2012-13 | എൽ.എഫ്.ഡബ്ല്യൂ. പി.2-719/15 തീ. 10/12/15 |
| 2013-14 | എൽ.എഫ്.ഡബ്ല്യൂ.പി.2-134/16 തീ. 21/4/2018 |
| 2014-15 | എൽ.എഫ്.ഡബ്ല്യൂ.പി.2-431/16 തീ.28/12/2017 |
| 2015-16 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി. പി2-864/16 തിയ്യതി 7/6/2018 |
| 2016-17 | നം.കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി) പി2- 602/2017/25.5.2018 |
| 2017-18 | നം .കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി) പി2- 7/2019/03.05.2019 |
| 2018-19 | നം.കെ.എസ്.എ ഡബ്ല്യൂ.വൈ.ഡി പി2-999/2019/18-2-2020 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് ഓഫീസ്, വയനാട്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ വയനാട് ജില്ലയിലെ പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

വയനാട് ജില്ലയിലെ പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്